



EXCELLENTIA ET SAPIENTIA

# സെന്റ് ജോസഫ്സ് എച്ച്. എസ്. എസ്.
# പുളിങ്കുന്ന്

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-2026

## സമഗ്ര വികസന രൂപരേഖ



# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സെന്റ് ജോസഫ്സ് ഹയർ സെക്കന്റി സ്കൂൾ |
| വിലാസം | : | പുളിങ്കുന്ന് പി. ഒ., ആലപ്പുഴ |
| ഫോൺ | : | 9495310049, 9400545225, 8301933204 |
| ഇ-മെയിൽ വിലാസം | : | sjhsspulincunnoo@gmail.com |
| സ്കൂൾ കോഡ് | : | 46047 |
| സ്കൂൾ സ്ഥാപിച്ച വർഷം | : | 1898 |
| റവന്യൂ ജില്ല | : | ആലപ്പുഴ |
| വിദ്യാഭ്യാസ ജില്ല | : | കുട്ടനാട് |
| ബി. ആർ. സി. | : | കുട്ടനാട് |
| അസംബ്ലി നിയോജക മണ്ഡലം | : | കുട്ടനാട് |
| പാർലമെന്റ് നിയോജകമണ്ഡലം | : | മാവേലിക്കര |
| ബ്ലോക്ക് | : | വെളിയനാട് |
| താലൂക്ക് | : | കുട്ടനാട് |
| ഗ്രാമപഞ്ചായത്ത് | : | പുളിങ്കുന്ന് |
| വാർഡ് | : | 11 |
| സ്കൂൾ തരം | : | Aided - Mixed School |

# ഉള്ളടക്കം


I. ആമുഖം 3

II. കാഴ്ചപ്പാട് 3

III. ലക്ഷ്യങ്ങൾ 4

IV. അക്കാദമിക മാസ്റ്റർ പ്ലാൻ 5

1. ഭൗതിക സാഹചര്യങ്ങൾ 5

2. അക്കാദമിക മേഖല 7

2.1. യു. പി. വിഭാഗം 7

A. പൊതുലക്ഷ്യങ്ങൾ 7

B. യു. പി. മലയാളം 8

C. യു. പി. ഇംഗ്ലീഷ് പഠനം 10

D. യു. പി. ഹിന്ദി പഠനം 12

E. യു. പി. സോഷ്യൽ സയൻസ് 13

F. യു. പി. സയൻസ് 15

G. യു. പി. ഗണിതം 17

2.1. ഹൈസ്കൂൾ വിഭാഗം 19

A. മലയാളം 19

B. ഇംഗ്ലീഷ് 23

C. ഹിന്ദി 25

D. സോഷ്യൽ സയൻസ് 27

E. ശാസ്ത്രം 28

F. ഗണിതം 30

G. ഐ. റ്റി. മേഖല 32

2.3. ക്ലബ്ബുകൾ / സമിതികൾ 35

A. എക്കോ ക്ലബ്ബ് 35

B. ഗണിത ക്ലബ്ബ് 36

C. ശാസ്ത്രാവബോധം, പരീക്ഷണം, ലാബ്, ക്ലബ്ബ്, മേഖല 38

D. സോഷ്യൽ സയൻസ് ക്ലബ്ബ് 40

E. ഹെൽത്ത് ക്ലബ്ബ് 42

3. അക്കാദമികേതര മേഖല 43

A. പി. റ്റി. എ. 43

B. ഉച്ചഭക്ഷണ പദ്ധതി 45

C. CWSN - IEDകുട്ടികളുടെ പരിഗണന 46

D. ആർട്ട്സ് ക്ലബ്ബ്, സാഹിത്യസമാജം 49

E. കല, വിനോദം 50

G. കായിക മേഖല 51

F. പ്രവർത്തി പരിചയം 52

V. Teachers List 54

VI. Special Duties 55

VII. Academic Year Plan 59

VIII. ഉപസംഹാരം 71

# I. ആമുഖം

ഭാരതത്തിലെ പ്രഥമ തദ്ദേശീയ ക്രൈസ്തവ സന്യാസ സഭയാണ് സി. എം. ഐ. സഭ. വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനാണ് സഭാസ്ഥാപകൻ. പള്ളിയോടനുബന്ധിച്ച് പള്ളിക്കൂടം എന്നത് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട കല്പനയും ദർശനവുമായിരുന്നു. സി. എം. ഐ. സഭയുടെ തിരുവനന്തപുരം പ്രൊവിൻസിന്റെ കീഴിലാണ് ഈ വിദ്യാലയം പ്രവർത്തിക്കുന്നത്.

1898 ൽ പുളിങ്കുന്നിൽ സെന്റ് ജോസഫ്സ് സ്കൂൾ സ്ഥാപിതമായി. പുളിങ്കുന്നിന്റെ അഭിമാനമായി മാറിയ ഈ മഹാ വിദ്യാലയം ഹൈസ്കൂളായും, 1998 ശതാബ്ദി വർഷത്തിൽ ഹയർ സെക്കന്ററി സ്കൂളായും ഉയർത്തപ്പെട്ടു. 2023 ൽ ശതോത്തര രജത ജൂബിലി ആഘോഷിച്ചു. കുട്ടികളുടെ ബൗദ്ധികവും, മാനസികവും, കായികവും, ആത്മീയവുമായ വളർച്ചയെ ലക്ഷ്യം വച്ചുകൊണ്ടാണ് ഈ വിദ്യാലയം പ്രവർത്തിക്കുന്നത്.

കുട്ടികളെ നേതൃത്വ വാസനയും കലാ-കായിക അഭിരുചിയും വളർത്തിയെടുക്കുന്നതിനുവേണ്ടി കെ. സി. എസ്. എൽ, ഡി. സി. എൽ, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, വിദ്യാരംഗം കലാസാഹിത്യവേദി, എൻ. സി. സി, എസ്. പി. സി, സ്കൗട്ട്, ഗൈഡ്, റെഡ് ക്രോസ്, ലിറ്റിൽ കൈറ്റ്സ്, ബാന്റ് സെറ്റ് എന്നിവയും സയൻസ്, മാത്സ്, സോഷ്യൽ സയൻസ്, വർക്ക് എക്സ്പീരിയൻസ്, ഇക്കോ, സ്പോർട്ട്സ്, ക്വിസ്, ഐ. റ്റി. ക്ലബ്ബുകളും, സ്കൂൾ റേഡിയോയും ഇവിടെ സജീവമായി പ്രവർത്തിക്കുന്നു.

കുട്ടനാട് വിദ്യാഭ്യാസ ജില്ലയിലെ ഏറ്റവും മികച്ച വിദ്യാലയങ്ങളിൽ ഒന്നാണ് പുളിങ്കുന്ന് സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ. അച്ചടക്കത്തിലും ശിക്ഷണത്തിലും മുൻപന്തിയിൽ നിൽക്കുന്ന ഈ വിദ്യാലയം ജില്ലയിൽ ഏറ്റവുമധികം കുട്ടികളെ എസ്. എസ്. എസ്. എൽ. സി. പരീക്ഷയ്ക്കിരുത്തി ഏറ്റവും അധികം പേരെ വിജയിപ്പിക്കുന്ന വിദ്യാലയം എന്ന ഖ്യാതി അനേകം വർഷങ്ങളായി നേടിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിലെല്ലാം 100 ശതമാനം വിജയം നേടുവാൻ നമ്മുടെ സ്കൂളിന് സാധിച്ചിട്ടുണ്ട്.

# II. കാഴ്ചപ്പാട്

സമൂഹ നന്മയ്ക്കുതകുന്ന പൗരന്മാരെ വാർത്തെടുക്കുക എന്ന വിശാല ലക്ഷ്യത്തിൽ ഉന്നം വച്ചുകൊണ്ടാണ് ഓരോ വർഷവും ഈ വിദ്യാലയത്തിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതും നടപ്പിലാക്കുന്നതും. മികച്ച വിജയം കൈവരിക്കുന്നുണ്ടെങ്കിലും അക്കാദമിക അക്കാദമികേതര രംഗങ്ങളിൽ ഇനിയും മെച്ചപ്പെടേണ്ടത് അനിവാര്യമാണ്. എല്ലാ മേഖലകളിലും ഒരു പുത്തൻ ഉണർവ് നൽകി സ്കൂളിന്റെ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഒരു കാഴ്ചപ്പാട് രൂപപ്പെടുത്തേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസം നേരിടുന്ന പ്രശ്നങ്ങൾ മുന്നിൽക്കണ്ടുകൊണ്ട് കേരളത്തിലെ സാധാരണക്കാരായ

വിദ്യാർത്ഥികളുടെ ഭാവി നിർണ്ണയിക്കുന്ന പൊതുവിദ്യാലയങ്ങൾ നിലവിലുള്ള പോരായ്മകൾ തിരിച്ചറിയുകയും അത് പരിഹരിക്കാൻവേണ്ട നടപടികളും പദ്ധതികളും ആവിഷ്കരിക്കുകയും ചെയ്യുക എന്നത് സ്കൂളിന്റെ ആവശ്യ മാണെന്നുള്ള തിരിച്ചറിവിൽനിന്നാണ് ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാ റാക്കുന്നതിലേയ്ക്ക് സ്കൂൾ എത്തിയത്. ഇതിനായി സ്കൂളിൽ എസ്. ആർ. ജി. യുടെ നേതൃത്വത്തിൽ ഒരു കമ്മറ്റി രൂപീകരിക്കുകയും വിശദമായ പ്രാഥ മിക ചർച്ച നടത്തുകയും ചെയ്തു. തുടർന്ന് വിവിധ വിഭാഗങ്ങളായി തരംതി രിച്ച് സ്കൂളിന്റെ വിവിധ അക്കാദമിക-അക്കാദമികേതര മേഖലകളിലെ വികസന ലക്ഷ്യങ്ങൾ നിർണ്ണയിക്കുകയും അതിനുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുകയും ചെയ്തു. ഈ മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാ ക്കുന്നതുവഴി കൂടുതൽ മികച്ച നിലവാരത്തിലേയ്ക്ക് സ്കൂളിനെ ഉയർത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# III. ലക്ഷ്യങ്ങൾ

- 1 മുതൽ 12 വരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും ഓരോ കുട്ടിയുടെയും പരമാവധി കഴി വിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരമൊരുക്കുക.
- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പഠനോപകരണങ്ങൾ, ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കുക.
- ഉന്നതനിലവാരത്തിലുള്ള അദ്ധ്യാപനം ഉറപ്പാക്കാൻ അദ്ധ്യാപക ശാക്തീ കരണ പരിപാടികൾ ആസൂത്രണം ചെയ്യുക.
- ഐ. സി. ടി. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതികസൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.
- ക്ലാസ് മുറികളിൽ ഐ. സി. ടി. അധിഷ്ഠിത ക്ലാസുകൾ ഉറപ്പാക്കുന്നതി ലൂടെ ബഹുമുഖ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യ ക്ഷമമാക്കുക.
- കലാ, കായിക, പ്രവൃത്തി പരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവ ശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അദ്ധ്യാപനത്തിനും, ഗവേഷണാത്മക പഠനത്തിനും അവസരം ഒരുക്കുക.
- പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലേ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ടുകൊണ്ട് ലഭ്യമാക്കുക.

- ❖ പഠനം ആകർഷകവും സർഗാത്മകവും ആനന്ദദായകവുമാക്കുന്ന തരത്തിൽ വിദ്യാലയത്തിലെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുക.
- ❖ സ്കൂൾ ലൈബ്രറി, ലാബറോട്ടറികൾ എന്നിവ ആധുനികവത്ക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കുക.
- ❖ ലഘു പഠന യാത്രകൾ, പഠന ക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- ❖ കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.
- ❖ മാലിന്യനിർമ്മാർജനം ഒരു സംസ്കാരമായി രൂപപ്പെടുത്തി എടുക്കുക.
- ❖ പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക.
- ❖ കുട്ടികളുടെ മാനസിക വളർച്ചയ്ക്കും പഠനപിരിമുറക്കം കുറയ്ക്കുന്നതിനാവശ്യമായ തരത്തിലുള്ള വിവിധങ്ങളായ പഠനതന്ത്രങ്ങൾ ആവിഷ്കരിക്കുക.
- ❖ നന്മയുടെ വഴികളിലൂടെ ജീവിതം ആഘോഷിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക.

# IV. അക്കാദമിക മാസ്റ്റർ പ്ലാൻ

വിവിധ മേഖലകളിൽ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ താഴെ വിശദമാക്കിയിരിക്കുന്നു. ഓരോ മേഖലകളിലെയും ലക്ഷ്യങ്ങൾ, പ്രവർത്തന രീതികൾ, നടപ്പാക്കാനുദ്ദേശിക്കുന്ന ദീർഘകാല-ഹ്രസ്വകാല പദ്ധതികൾ, അക്കാദമിക പ്രവർത്തന കലണ്ടർ എന്നിവയാണ് ഈ ഭാഗത്ത് വിവരിച്ചിരിക്കുന്നത്. ഇവയെ മൂന്ന് പ്രധാന മേഖലകളായി തിരിച്ചിരിക്കുന്നു.

1. **ഭൗതിക സാഹചര്യങ്ങൾ**
2. **അക്കാദമിക മേഖല**
3. **അക്കാദമികേതര മേഖല**

## 1. ഭൗതിക സാഹചര്യങ്ങൾ

ജില്ലയിലെ സ്കൂളുകൾക്കിടയിൽ എടുത്തുപറയത്തക്ക തരത്തിലുള്ള ഭൗതിക സാഹചര്യങ്ങൾ നിലവിൽ ഈ സ്കൂളിനുണ്ട്. സ്കൂൾ കെട്ടിടവും ക്ലാസ് മുറികളുടെ എണ്ണവും പര്യാപ്തമാണെങ്കിലും ഭൗതിക സാഹചര്യങ്ങൾ ഇനിയും ഏറെ മെച്ചപ്പെടേണ്ടതുണ്ട്. ഭൗതിക മേഖലയിൽ പ്രതീക്ഷിക്കുന്ന ലക്ഷ്യങ്ങൾ ഇവയാണ്.

**ലക്ഷ്യങ്ങൾ**

1. മികച്ച നിലവാരമുള്ള ക്ലാസ് മുറികൾ.
2. ശിശു സൗഹാർദ്ദ കെട്ടിടങ്ങളും പരിസരവും.
3. പൊതുവിദ്യാലയങ്ങൾ ഉയർന്ന നിലവാരത്തിൽ ഹൈടെക് ആക്കുക.
4. പഠന, കലാ, കായിക രംഗങ്ങളിൽ ഒരുതരത്തിലുള്ള പോരായ്മയും ഉണ്ടാകാത്ത തരത്തിൽ ഭൗതിക സാചര്യങ്ങൾ മെച്ചപ്പെടുത്തുക.
5. സംസ്ഥാന തലത്തിൽ തന്നെ അറിയപ്പെടുന്ന ഒരു പൊതുവിദ്യാലയ മാക്കി ഈ സ്കൂളിനെ മാറ്റുക.

**പദ്ധതികൾ / പ്രവർത്തനങ്ങൾ**

1. സ്കൂളിന്റെ ഗ്രൗണ്ടിൽ രണ്ടാമത്തെ ഓപ്പൺ എയർ ആഡിറ്റോറിയം നിർമ്മിക്കുന്നു. പരിപാടികൾക്കും, സ്കൂൾ അസംബ്ലിക്കും കുട്ടികളെ സൗകര്യമായി നിർത്താൻ ഇത് സഹായിക്കുന്നു.
2. നിലവിൽ ഹൈസ്കൂളിലെ എല്ലാ ക്ലാസ്മുറികളും ഹൈടെക് സംവി ധാനം ഉൾപ്പെടുത്തി സജ്ജീകരിച്ചിട്ടുണ്ട്. യു. പി. ക്ലാസ് മുറികളും ഹൈടെക് സംവിധാനത്തിലേയ്ക്ക് മാറ്റുക.
3. എല്ലാ മുറികളിലും കൂടുതൽ ലൈറ്റും ഫാനും സജ്ജീകരിക്കുക.
4. എല്ലാ ക്ലാസുകളിലും ഇന്റർനെറ്റ് കണക്ടിവിറ്റി.
5. സുസജ്ജമായ ലാബ്.
6. റീഡിംഗ് റൂം പുനരുദ്ധാരണം.
7. പ്രത്യേക ലൈബ്രറി മുറി തയ്യാറാക്കൽ.
8. മഴവെള്ള സംഭരണി, കുടിവെള്ള പദ്ധതി-വർഷം മുഴുവൻ ശുദ്ധജലം ലഭ്യമാക്കണം.
9. നിലവിലുള്ള ടോയ്‌ലറ്റ് പരിഷ്കരിച്ച് കൂടുതൽ വിശാലമാക്കണം.
10. മാനേജ്മെന്റിന്റെ സഹായത്തോടെ സ്കൂളിന്റെ പരിസരവും കളി സ്ഥലവും വെള്ളം കയറാത്ത രീതിയിൽ ഉയർത്തണം.
11. നിലവിലുള്ള സൈക്കിൾ ഷെഡ് പുനർനിർമ്മിക്കണം.
12. യു. പി. വിഭാഗത്തിന് പ്രത്യേകം കമ്പ്യൂട്ടർ ലാബ്. അതിനായി പുതിയ മുറി കണ്ടെത്തണം.
13. സ്കൂൾ ബസ് സൗകര്യം കൂടുതൽ കുട്ടികൾക്ക് പ്രയോജനകരമാക്കണം.
14. യു. പി. ക്ലാസുകളിൽ ചിത്രങ്ങൾ, ചാർട്ടുകൾ തുടങ്ങിയവ വരച്ച് ഭംഗി യാക്കണം.

മാനേജ്മെന്റ്, പി. റ്റി. എ, അദ്ധ്യാപകർ, പൂർവ്വവിദ്യാർത്ഥികൾ, നാട്ടുകാർ, മറ്റ് അഭ്യുദയകാംക്ഷികൾ, പിരിഞ്ഞുപോയ അദ്ധ്യാപകർ എന്നിങ്ങനെയുള്ള വിവിധ മാർഗ്ഗങ്ങളുടെ സഹായത്തോടെ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

## 2. അക്കാദമിക മേഖല

### 2.1. യു. പി. വിഭാഗം

### A. പൊതുലക്ഷ്യങ്ങൾ

*അടുത്ത 5 വർഷങ്ങൾക്കുള്ളിൽ യു. പി. വിഭാഗത്തിൽ ഉണ്ടാകേണ്ട മാറ്റങ്ങൾ, ലക്ഷ്യങ്ങൾ :-*

1. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും, സുരക്ഷിതവും, സ്വതന്ത്രവും, ശിശുസൗഹാർദ്ദപരമായ അന്തരീക്ഷം ഒരുക്കണം.
2. കുട്ടികളുടെ മാനസികവും, കായികവും, ആരോഗ്യപരവും, ബൗദ്ധിക വുമായ വളർച്ച ലക്ഷ്യമാക്കണം.
3. കുട്ടികൾക്ക് കൂടുതൽ അറിയുവാനും ചിന്തിക്കുവാനുമുള്ള കഴിവ് വളർത്തണം.

### പ്രവർത്തനങ്ങൾ

1. ചിത്രമതിൽ : പഠനസാധ്യതകളുടെ ആശയാത്മക ചിത്രീകരണം വിദ്യാലയ ചുമരുകളിൽ നടത്തും. അങ്ങനെ സ്കൂൾ അകർഷകമാക്കും. അതിനായി സ്പോൺസർമാരെ കണ്ടെത്തും.
2. യു. പി. ക്ലാസുകളിൽ ലൈബ്രറിയും, വിശ്രമ സമയങ്ങളിൽ വായിക്കുവാനായി റീഡിംഗ് റൂമും നിർമ്മിക്കും. അതിനായി പൂർവ്വവിദ്യാർത്ഥികളിൽ നിന്നും സഹായം തേടും.
3. യു. പി. യിലെ കുട്ടികൾക്കായി സൗകര്യപ്രദമായ കമ്പ്യൂട്ടർ ലാബ് നിർമ്മിക്കും. അതിനായി മാനേജ്മെന്റിന്റെ സേവനം തേടും.
4. യു. പി. കുട്ടികളുടെ ടോയ്‌ലറ്റ് നിർമ്മാണം (ആധുനിക രീതിയിലുള്ളത്) അതിലേയ്ക്ക് പി. റ്റി. എ. യുടെ സഹായം ലഭ്യമാക്കും.
5. സ്കൂൾ ഗ്രൗണ്ടിൽ ആകർഷകമായ ഒരു പൂന്തോട്ടം. അതിനായി എം. പി. റ്റി. എ. യുടെ സഹകരണം ഉറപ്പാക്കും.
6. ഔഷധ തോട്ട നിർമ്മാണത്തിന് കുട്ടികൾ ഔഷധസസ്യങ്ങൾ കൊണ്ടുവന്ന് സ്കൂളിൽ നട്ടുപിടിപ്പിക്കുന്നു. അദ്ധ്യാപകർ ഇതിന് മേൽനോട്ടം നൽകുന്നു.
7. സ്കൂൾ കിച്ചൺ മോഡിക്കുലാർ ആക്കുന്നു. കിച്ചണിന്റെ സമീപം ഒരു പച്ചക്കറി തോട്ടം നിർമ്മിക്കുന്നു. കിച്ചണിലെ വെയ്സ്റ്റ് ഉപയോഗിച്ച് ബയോഗ്യാസ് പ്ലാന്റും അതിന്റെ സ്ലറി പച്ചക്കറി തോട്ടത്തിൽ വളമായും ഉപയോഗിക്കുന്നു. അതിനായി കുക്കിംഗ് സ്റ്റാഫിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു.
8. യു. പി. വിഭാഗത്തിന് മാത്രമായി നിലവിലുള്ള ഒരു റൂം നവീകരിച്ച് ഊണുമുറിയാക്കുന്നു. അതിന്റെ ചെലവ് പുറത്തുനിന്ന് കണ്ടെത്തുന്നു.

9. യു. പി. വിഭാഗത്തിലെ കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കുവാനായി ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ, വോളിബോൾ, ക്രിക്കറ്റ്, ആർച്ചറി എന്നിവയ്ക്ക് പരിശീലനം നൽകും. അതിനായി പ്രഗത്ഭരായ ട്രെയ്നേഴ്സിനെ ഉപയോഗപ്പെടുത്തും.
10. നീന്തൽ ഇനങ്ങളിലെ നേട്ടങ്ങൾക്കായി സുരക്ഷിതമായ സ്വിമ്മിംഗ് പൂൾ നിർമ്മിച്ച് കുട്ടികൾക്ക് പരിശീലനം നൽകുന്നു.

*സ്കൂളിലേയ്ക്ക് കുട്ടികളെ ആകർഷിക്കുവാൻ ഞങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ :-*

1. സ്കൂൾ ആകർഷകമാക്കുവാൻ മതിലും ചുമരുകളും ചിത്രങ്ങൾ കൊണ്ട് മനോഹരമാക്കുന്നു.
2. യു. പി. വിഭാഗത്തിലെ എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി നിർമ്മിക്കുന്നു.
3. ക്ലാസുകളിൽ ഐ. സി. റ്റി. യുടെ ഉപയോഗം, സ്മാർട്ട് ക്ലാസ് റൂം.
4. അത്യാധുനിക സൗകര്യത്തോടെയുള്ള കമ്പ്യൂട്ടർ ലാബ്.
5. പ്രസംഗം, നൃത്തം, ക്വിസ് എന്നിവയ്ക്ക് പരിശീലനം.
6. ബാസ്കറ്റ് ബോൾ, ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ്, ആർച്ചറി, അക്വാടിക് എന്നീ ഇനങ്ങളിൽ പരിശീലനം.
7. പ്ലാസ്റ്റിക് മുക്ത കാമ്പസ് & ഹൈജീനിക് അന്തരീക്ഷം.
8. നല്ല കളിസ്ഥലം.
9. അക്കാദമിക് മേഖലയിലെ മികവുകൾ.
10. മികച്ച പരിശീലനം ലഭിച്ച അദ്ധ്യാപകർ.
11. കുട്ടികളും അദ്ധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്തുവാൻ സൗഹൃദവേദികൾ.
12. ശിശു സൗഹാർദ്ദപരമായ അന്തരീക്ഷം.

## B. യു. പി. മലയാളം

**ലക്ഷ്യങ്ങൾ :**

1. എല്ലാ കുട്ടികളെയും സ്വന്തമായി വായിക്കാൻ കഴിവുള്ളവരായി മാറ്റുക.
2. മുഴുവൻ കുട്ടികളെയും വായനയിൽ താല്പര്യമുള്ളവരാക്കി മാറ്റുക. വായനാവസരങ്ങൾ സൃഷ്ടിക്കുക.
3. വായനയിലൂടെ ഭാഷാശേഷി വർദ്ധിപ്പിക്കുക.
4. വായനയിലൂടെ അക്ഷരത്തെറ്റില്ലാതെ സ്വന്തമായി എഴുതുവാൻ കഴിവുള്ളവരാക്കി മാറ്റുക.
5. സ്വന്തമായി ചെറിയ രചനകൾ നടത്തി കുട്ടികളെ എഴുത്തുകാരാക്കി മാറ്റുക.
6. സ്വന്തമായി രചിച്ച രചനകൾ അവതരിപ്പിക്കുന്നതിന് വേദിയൊരുക്കുക.

**ആശയങ്ങൾ, പ്രവർത്തനങ്ങൾ, പദ്ധതികൾ :**

1. വായനയ്ക്ക് പ്രാധാന്യം നൽകുന്ന വീഡിയോകൾ കാണിക്കുന്നു.
2. എഴുത്തിന് പ്രാധാന്യം നൽകുന്ന ധാരാളം പദകാർഡുകളും വായനാ കാർഡുകളും നൽകുന്നു. മലയാളത്തിന് ഒരു ഭാഷാ ലാബ് നൽകുന്നു. ഇതുവഴി കുട്ടികളുടെ ഉച്ചാരണം നന്നാകുന്നു.
3. സ്വതന്ത്ര വായനയ്ക്ക് പ്രാധാന്യം നൽകുന്നതിന് ക്ലാസ് ലൈബ്രറി (ബാല മാസികകൾ, പുസ്തകങ്ങൾ, പത്രങ്ങൾ) ഉണ്ടാക്കുന്നു.
4. ഇടയ്ക്കിടെ സ്കൂളിലെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരണം എഴുതി ആൽബം നിർമ്മിക്കുന്നു.
5. വായനയിലും എഴുത്തിലും പിന്നിൽ നിൽക്കുന്ന കുട്ടികൾക്കായി പഠനക്കൂട്ടങ്ങൾ രൂപീകരിക്കുന്നു.
6. മഹാന്മാരെക്കുറിച്ചുള്ള പുസ്തകങ്ങൾ വായിച്ച് വായന കുറിപ്പുകൾ എഴുതി സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു.
7. കുട്ടികളുടെ വ്യവഹാരരൂപങ്ങൾ ശേഖരിച്ച് പി. റ്റി. എ. അംഗങ്ങളെയും ഉൾപ്പെടുത്തി പ്രദർശനം സംഘടിപ്പിക്കുന്നു.
8. വാർത്ത വായിക്കാൻ പരിശീലനം നൽകുന്നു.
9. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിയുടെ വാർത്താ വായന സ്കൂളിലോ വീട്ടിലോ ഷൂട്ട് ചെയ്ത് സ്കൂളിലോ പൊതുവേദിയിലോ പ്രദർശിപ്പിക്കുന്നു.
10. എല്ലാ മാസവും ക്ലാസ് പി. റ്റി. എ. കൂടി കുട്ടികളുടെ വായനാ പ്രവർത്തനങ്ങളും രചനകളും സർഗ്ഗവാസനകളും അവതരിപ്പിക്കുന്നു.
11. പ്രധാനപ്പെട്ട വ്യക്തികൾ (കവികൾ, സാഹിത്യകാരന്മാർ) പ്രധാന ദിനാചരണങ്ങൾ എന്നിവയെക്കുറിച്ച് കുട്ടികൾക്ക് കൊടുത്ത് കുറിപ്പ് തയ്യാറാക്കി സ്കൂളിൽ അവതരിപ്പിക്കുന്നു.
12. കുട്ടികൾ യാത്രയ്ക്ക് പോകുമ്പോൾ കണ്ട കാഴ്ചകൾ യാത്രാവിവരണമായി എഴുതി സാഹിത്യസമാജത്തിൽ അവതരിപ്പിക്കുന്നു.

**പ്രവർത്തന കലണ്ടർ :**

***ജൂൺ – വായനാദിനം***

പി. റ്റി. എ. കാരുടെ സഹകരണത്തോടെ സ്കൂളിന്റെ പരിസരത്ത് നിന്ന് പുസ്തകങ്ങൾ ശേഖരിച്ച് ഗ്രന്ഥശാല നിർമ്മിച്ച് കുട്ടികൾക്ക് വായിക്കാൻ നൽകുന്നു.

***ജൂലൈ – മാഗസിൻ***

യു. പി. യിലെ എല്ലാ ക്ലാസിലും ഓരോ മാഗസിൻ ഉണ്ടാക്കുന്നു. ഇത് സ്കൂൾ അസംബ്ലിയിൽ പ്രകാശനം ചെയ്യുന്നു.

***ആഗസ്റ്റ് – പോസ്റ്റർ***

സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട് ചേർത്ത പോസ്റ്റർ നിർമ്മിക്കുന്നു.

***സെപ്റ്റംബർ - പത്ര നിർമ്മാണം***

ഓണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉൾപ്പെടുത്തി ഓരോ ക്ലാസിലും പത്രമുണ്ടാക്കി പ്രദർശിപ്പിക്കുന്നു.

***ഒക്ടോബർ - നാടകം***

'സ്നേഹം' എന്ന വിഷയം കൊടുത്തശേഷം അതുമായി ബന്ധപ്പെട്ട ഒരു നാടകം രചിക്കുകയും അത് അവതരിപ്പിക്കുകയും ചെയ്യുന്നു.

***നവംബർ - റാലി നടത്തുന്നു***

ചാച്ചാജിയുമായി ബന്ധപ്പെട്ട വാക്യങ്ങൾ എഴുതിയ കാർഡുമായി കുട്ടികൾ റാലി നടത്തുന്നു.

***ഡിസംബർ - ആശംസാ കാർഡ്***

ആശംസാ കാർഡ് മത്സരം നടത്തുന്നു.

***ജനുവരി - നോട്ടീസ് നിർമ്മാണം***

എല്ലാ കുട്ടികളെക്കൊണ്ടും നോട്ടീസ് നിർമ്മിപ്പിക്കുന്നു. നന്നായി എഴുതിയ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു.

***ഫെബ്രുവരി - പ്രസംഗം***

'മലയാളഭാഷയുടെ മഹത്വം' എന്ന വിഷയത്തെക്കുറിച്ച് പ്രസംഗമത്സരം നടത്തുന്നു.

## C. യു. പി. ഇംഗ്ലീഷ് പഠനം

**ലക്ഷ്യങ്ങൾ :**

1. ഇംഗ്ലീഷ് ഹൃദ്യസ്ഥമാക്കാനും വാചകങ്ങൾ ഉണ്ടാക്കാനും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിൽ നന്നായി എഴുതുവാനും വായിക്കുവാനും കഴിവുള്ളവരാക്കി മാറ്റുക.

**പ്രവർത്തനങ്ങൾ, പദ്ധതികൾ :**

1. അക്ഷരമാല എഴുത്ത്.
2. വാചകങ്ങൾ സൂക്ഷിക്കുക.
3. സ്പോക്കൺ ഇംഗ്ലീഷ്.
4. ഇംഗ്ലീഷ് അസംബ്ലി.
5. ഇംഗ്ലീഷ് മീറ്റിംഗ്.
6. ഇംഗ്ലീഷ് ഫെസ്റ്റ്.
7. ഇംഗ്ലീഷ് ചിത്രകഥാ പുസ്തങ്ങൾ വായിക്കുവാൻ അവസരം.
8. ഇംഗ്ലീഷിൽ അനുദിന ചിന്ത.
9. ഇംഗ്ലീഷ് ബുള്ളറ്റിൻ ബോർഡ്
10. ഇംഗ്ലീഷ് വിദഗ്ധരുടെ സേവന ക്ലാസുകൾ

11. സ്കൂളിൽ നടക്കുന്ന സ്പെഷ്യൽ പ്രവർത്തനങ്ങൾ പിറ്റേദിവസം ഇംഗ്ലീഷിൽ ക്ലാസിൽ പങ്കുവയ്ക്കുക.
12. ഇംഗ്ലീഷ് പത്രം ക്ലാസ് മുറികൾ തോറും.
13. റോൾപ്ലേ.
14. ഇംഗ്ലീഷ് നാടകം.
15. കൊറിയോഗ്രഫി
16. ക്വിസ് മത്സരം ക്ലാസുകളിൽ.
17. തലേദിവസം വീട്ടിൽ നടക്കുന്ന കാര്യങ്ങൾ രണ്ട് മൂന്ന് കുട്ടികൾ എല്ലാ ദിവസവും പങ്കുവയ്ക്കുക.
18. പ്രസിദ്ധരായ ആളുകളുടെ പ്രസംഗങ്ങൾ ഐ. റ്റി. സഹായത്തോടെ കുട്ടികളെ കാണിക്കുക.
19. ഡിക്ഷ്നറി നിർമ്മാണം.
20. ക്ലാസ് റൂമിൽ അദ്ധ്യാപക വിദ്യാർത്ഥി സംഭാഷണം മുഴുവൻ ഇംഗ്ലീഷിൽ. പ്രത്യേകിച്ച് ഇംഗ്ലീഷ് ക്ലാസിൽ.
21. ഇംഗ്ലീഷിന് ഒരു ഭാഷാ ലാബ് ഉണ്ടാക്കുന്നു.

**പ്രവർത്തന കലണ്ടർ :**

***ജൂൺ, ജൂലൈ***

അക്ഷരമാലയും, വാചകങ്ങളുടെ സൃഷ്ടിയും.

***ആഗസ്റ്റ്***

സ്പോക്കൺ ഇംഗ്ലീഷ് ട്രെയിനിംഗ്.

***സെപ്റ്റംബർ***

ഇംഗ്ലീഷ് സിനിമാ പ്രദർശനങ്ങൾ.

***ഒക്ടോബർ***

റോൾ പ്ലേ പരിശീലനം.

***നവംബർ***

നാടക പരിശീലനം.

***ഡിസംബർ***

കൊറിയോഗ്രഫി.

***ജനുവരി***

വിദഗ്ധരുമായി ആശയങ്ങൾ കൈമാറൽ.

***ഫെബ്രുവരി***

ഇംഗ്ലീഷ് ഫെസ്റ്റ്.

## D. യു. പി. ഹിന്ദി പഠനം

**ലക്ഷ്യങ്ങൾ :**

1. എല്ലാ കുട്ടികളെയും ഹിന്ദി വായനയിൽ താല്പര്യമുള്ളവരാക്കി മാറ്റുക.
2. ഓരോ ക്ലാസിലും വായനാദിനങ്ങൾ സൃഷ്ടിക്കുക.
3. എല്ലാ കുട്ടികളെയും ഹിന്ദി വായിക്കുവാനും എഴുതുവാനും കഴിവുള്ളവരാക്കി മാറ്റുക.
4. വായനയിലൂടെ ഭാഷാശേഷി വർദ്ധിക്കുന്നു.

**ആശയങ്ങൾ, പ്രവർത്തനങ്ങൾ, പദ്ധതികൾ :**

1. വായനയ്ക്ക് പ്രാധാന്യം നൽകുന്ന വീഡിയോകൾ കാണിക്കുന്നു.
2. എഴുത്തിന് പ്രാധാന്യം നൽകുന്ന പദകാർഡുകളും, വായനാ കാർഡുകളും നൽകുന്നു.
3. ഹിന്ദിക്ക് ഒരു ഭാഷാ ലാബ് ഉണ്ടാക്കുന്നു. ഇത് വഴി കുട്ടികളുടെ ഉച്ചാരണം നന്നാകുന്നു.
4. സ്വതന്ത്ര വായനയ്ക്ക് പ്രാധാന്യം നൽകുന്നതിന് ക്ലാസ് ലൈബ്രറി, അക്ഷരമാല പുസ്തകങ്ങൾ, കഥ പുസ്തകങ്ങൾ തുടങ്ങിയവ ഉണ്ടാക്കുന്നു.
5. എഴുത്തിലും വായനയിലും പുറകിൽനിൽക്കുന്ന കുട്ടികൾക്കായി പഠനക്കൂട്ടങ്ങൾ രൂപീകരിക്കുന്നു.
6. ഹിന്ദി ഭാഷാ കൂടുതൽ നന്നായി അനുഭവിക്കുന്നതിനുവേണ്ടി ഹിന്ദി അസംബ്ലി കുട്ടികളെക്കൊണ്ട് അവതരിപ്പിക്കുന്നു.
7. എല്ലാ മാസവും ക്ലാസ് പി. റ്റി. എ. കൂടി കുട്ടികളുടെ മികവുകൾ അവതരിപ്പിക്കുന്നു.
8. ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി കുട്ടികളെക്കൊണ്ട് പോസ്റ്ററുകളും പ്ലക്കാർഡുകളും ഉണ്ടാക്കി ക്ലാസിൽ അവതരിപ്പിക്കുന്നു.
9. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുവേണ്ടി ക്ലാസിൽ പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ കാണിച്ചും ഐ. സി. റ്റി. യുടെ സഹായത്തോടുകൂടിയും പാഠഭാഗങ്ങൾ ക്ലാസിൽ അവതരിപ്പിക്കുന്നു.
10. കുട്ടികളെ ഹിന്ദി അക്ഷരങ്ങൾ പഠിപ്പിക്കുവാൻ വേണ്ടി ആഴ്ചയിൽ രണ്ട് ദിവസം രാവിലെ 9 മണി മുതൽ 10 മണി വരെ പ്രത്യേകം ക്ലാസുകൾ എടുക്കുന്നു.
11. ഹിന്ദി കലാപരിപാടികൾ അവതരിപ്പിക്കുവാൻ സ്കൂൾ വാർഷികത്തിൽ അവസരം കൊടുക്കുന്നു.
12. ഹിന്ദി ലേഖകരുമായി വീഡിയോ കോൺഫറൻസ് സംഘടിപ്പിക്കുന്നു.
13. ഓഡിയോ/വീഡിയോ ഹിന്ദി കവിതകൾ കേൾക്കുവാനുള്ള അവസരമുണ്ടാക്കുന്നു.
14. സ്കൂൾതല റേഡിയോയിൽ ഹിന്ദി പരിപാടികൾ അവതരിപ്പിക്കുന്നു.

**പ്രവർത്തന കലണ്ടർ :**

***ജൂൺ***

പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് ഹിന്ദിയിൽ പോസ്റ്റർ എഴുതുവാൻ പരിശീലിപ്പിക്കുന്നു. വായനദിനവുമായി ബന്ധപ്പെട്ട് ഹിന്ദി കവിത അവതരിപ്പിക്കുന്നു.

***ജൂലൈ***

വനമഹോത്സവുമായി ബന്ധപ്പെട്ട കവിത തയ്യാറാക്കുന്നു.

***ആഗസ്റ്റ്***

ദേശഭക്തിഗാന മത്സരം.

***സെപ്റ്റംബർ***

പ്രേംചന്ദ് ദിനവുമായി ബന്ധപ്പെട്ട വിവിധ മത്സരങ്ങൾ.

***ഒക്ടോബർ***

ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട് പ്രമുഖരായ വ്യക്തികളെ സംഘടിപ്പിച്ചുള്ള സംവാദം, പ്ലക്കാർഡുകൾ.

***നവംബർ***

ഹിന്ദി തീയറ്റർ സജ്ജീകരണം.

***ജനുവരി***

ദേശീയ ദിനത്തോടനബന്ധിച്ചുള്ള മത്സരങ്ങൾ, പോസ്റ്റർ, പ്രസംഗം തുടങ്ങിയവ.

***ഫെബ്രുവരി***

ഹിന്ദി മാതൃഭാഷയായ ആളുകളുമായി വീഡിയോ കോൺഫ്രൻസ്.

***മാർച്ച്***

ക്വിസ് പ്രോഗ്രാം.

## E. യു. പി. സോഷ്യൽ സയൻസ്

**ലക്ഷ്യങ്ങൾ :**

1. സോഷ്യൽ സയൻസെന്ന വിഷയത്തോടുള്ള താല്പര്യം കുട്ടികളിൽ ഉണർത്തുക.
2. സാമൂഹ്യ അവബോധം ഉണർത്താൻ ആഴ്ചയിലൊരിക്കൽ പത്രമാധ്യമങ്ങളെ അടിസ്ഥാനമാക്കി ക്വിസ് പ്രോഗ്രാം.
3. സാമൂഹ്യ മൂല്യങ്ങൾ ഊട്ടി ഉറപ്പിക്കുന്ന വാർത്തകൾ പ്രത്യേക ബോർഡിൽ അടിക്കുറിപ്പോടെ കുട്ടികളെക്കൊണ്ട് ശേഖരിക്കൽ.
4. പഠനസാമഗ്രികളായ വായനാക്കുറിപ്പുകൾ, പുസ്തകങ്ങൾ, വാർത്താമാധ്യമങ്ങളിലെ വിവരങ്ങൾ എന്നിവ കൂടുതലായി ക്ലാസിൽ ഉപയോഗിക്കുക.

5. മാപ്പുകൾ, ഗ്ലോബുകൾ ഇവ കൂടുതലായി ഉപയോഗിക്കുകയും അവ മനസ്സിലാക്കുന്നതിനും പഠനപ്രവർത്തനത്തിൽ ഉപയോഗിക്കുന്നതിനും അവസരമൊരുക്കൽ.
6. പഠന, സാമൂഹ്യ, ആനുകാലിക പ്രശ്നങ്ങളെ അടിസ്ഥാനമാക്കി സെമിനാറുകൾ നടത്തുക.
7. ക്ലാസ് അടിസ്ഥാനമാക്കി ക്വിസ് നടത്തിപ്പ്.
8. പ്രധാന ദിവസങ്ങൾ, വ്യക്തികൾ ഇവയുടെ ആചരണദിനങ്ങളിൽ പ്രസംഗ പരമ്പര.
9. വാർത്താ ബോർഡ് രൂപീകരണം.
10. ആശയപ്രകടനത്തിന് രചനകൾ നടത്തുക.
11. ലോക്കൽ മാപ്പ് തയ്യാറാക്കൽ പദ്ധതി.
12. ലോക്കൽ ഹിസ്റ്ററി മുതിർന്ന വ്യക്തികളുടെ സഹായത്തോടെ നിർമ്മിക്കൽ.
13. സ്വാതന്ത്ര്യസമര വ്യക്തികളെയും സംഭാവനകളെയും സ്കൂൾ റേഡിയോ വഴി പരിചയപ്പെടുത്തൽ.
14. സാമൂഹിക ബന്ധം നിലനിർത്താൻ പ്രത്യേക സഹായനിധി 'കുഞ്ഞു ചെപ്പ്' എന്ന പേരിൽ സംഘടിപ്പിക്കൽ.
15. കൃഷിയുമായി നല്ല ആഭിമുഖ്യം ഉണ്ടാക്കാൻ ഓണത്തിനാവശ്യമായ പച്ചക്കറി, പൂക്കൾ ഇവയുടെ വളർത്തലിന് കുട്ടിക്കൂട്ടം.
16. കൃഷി സംബന്ധമായി കൂടുതൽ അറിയുവാൻ കൃഷിയിൽ അറിവുള്ള നല്ല വ്യക്തികളുമായി സംവാദം നടത്തൽ.

**പ്രവർത്തന കലണ്ടർ :**

***ജൂൺ - പരിസ്ഥിതി ദിനാചരണം***

പോസ്റ്റർ നിർമ്മാണം, സ്കൂൾ പരിസര ശുചീകരണം, വീടുകളിൽ ഡ്രൈ ഡേ ആചരിക്കൽ.

World Drug Abuse Day - ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച് പ്രസംഗം അവതരിപ്പിക്കൽ.

***ജൂലൈ - വനമഹോത്സവം***

സ്കൂളിൽ നിന്ന് നൽകുന്ന തൈകൾ വയ്ക്കൽ, സംരക്ഷിക്കൽ.

***അന്താരാഷ്ട്ര നീതി ദനം***

നീതി സംബന്ധമായ പ്ലക്കാർഡുകൾ തയ്യാറാക്കി വിവേചനങ്ങൾക്കെതിരെ ബോധവത്കരണം.

***ആഗസ്റ്റ് - ഹിരോഷിമാ ദിനം***

യുദ്ധങ്ങൾക്കെതിരെ സമാധാനമെന്ന ആശയം മുൻനിർത്തി പോസ്റ്റർ തയ്യാറാക്കൽ.

***സ്വാതന്ത്ര്യദിനം***

സ്വാതന്ത്ര്യദിന സമരം, നേതാക്കൾ ഇവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം.

***സെപ്റ്റംബർ - അദ്ധ്യാപക ദിനം***

ഗുരുശിഷ്യ ബന്ധം ശക്തമാക്കൽ ലക്ഷ്യമാക്കി ഗുരുപൂജ. ഗുരുക്കന്മാർക്ക് ആശംസാ കാർഡ് തയ്യാറാക്കി നൽകൽ.

***ഒക്ടോബർ - ഗാന്ധിജയന്തി***

സ്കൂൾ പരിസരം, ക്ലാസ് മുറി ഇവയുടെ ശുചീകരണം. ഗാന്ധി ക്വിസ് നടത്തിപ്പ്.

***ലോക ഭക്ഷ്യ ദിനം***

ലോക ഭക്ഷ്യ ദിനത്തിൽ ഭക്ഷ്യ ലഭ്യത, ഭക്ഷണം പാഴാക്കൽ ഇവ സംബന്ധിച്ച് വാൾ മാഗസിൻ.

***നവംബർ - കേരളപ്പിറവി ദിനം***

കേരളാ ക്വിസ് - കേരളം ദൈവത്തിന്റെ സ്വന്തം നാട്, വൈവിധ്യങ്ങളുടെ നാട്, കേരളാ ചിത്രങ്ങൾ, കാർട്ടൂൺ അവതരണം.

***ഡിസംബർ - മനുഷ്യാവകാശ ദിനം***

മനുഷ്യാവകാശ സംരക്ഷണം അടിസ്ഥാനമാക്കി മുദ്രാവാക്യങ്ങൾ തയ്യാറാക്കി സ്കൂളിന്റെ പരിസരങ്ങളിൽ പ്രദർശിപ്പിക്കൽ.

***ജനുവരി - റിപ്പബ്ലിക് ദിനം***

പത്ര, മാദ്ധ്യമ മേഖലകളിലെ ചിത്രങ്ങൾ, വാർത്തകൾ ഇവ ശേഖരിച്ച്, കുട്ടികൾക്ക് ഈ ദിവസങ്ങളിൽ ലഭ്യമായ വിവരങ്ങൾ അടിസ്ഥാനമാക്കി 'പരമാധികാര ഭാരതം' എന്ന തലക്കെട്ടിൽ പത്രം തയ്യാറാക്കൽ.

***ഫെബ്രുവരി - സാമൂഹ്യനീതി ദിനം***

Equal Gender എന്ന ആശയത്തിന് ആനുകൂല്യവും വിരുദ്ധവുമായ കാര്യങ്ങൾ ഉൾപ്പെടുത്തി സംവാദം സംഘടിപ്പിക്കുക.

## F. യു. പി. സയൻസ്

**ലക്ഷ്യങ്ങൾ :**

1. കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക.
2. പഠന നേട്ടങ്ങൾ ആർജ്ജിക്കുന്നതിനുവേണ്ട ഫലപ്രദമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
3. സ്കൂളിലെ മുഴുവൻ കുട്ടികളെയും പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുക.
4. പരിസ്ഥിതി പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക.

**ആശയങ്ങൾ, പ്രവർത്തനങ്ങൾ, പദ്ധതികൾ :**

1. പഠനഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ പട്ടികപ്പെടുത്തുക.
2. സാമഗ്രികൾ പട്ടികപ്പെടുത്തുക.
3. പരീക്ഷണാസൂത്രണം അദ്ധ്യാപകുടെ നേതൃത്വത്തിൽ കുട്ടികൾ നിർവ്വഹിക്കുക.
4. 5 മുതൽ 7 വരെയുള്ള ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും സ്വന്തമായി ഒരു പരീക്ഷണമെങ്കിലും ചെയ്യുവാനുള്ള അവസരം നൽകുന്നു.
5. എല്ലാ മാസവും ഒരു ദിവസം അവലോകനം നടത്തി പരീക്ഷണങ്ങൾ ചെയ്ത് കുട്ടികൾ നേടിയ മികവുകളെക്കുറിച്ചും പരീക്ഷണത്തിന്റെ ഓരോ ഘട്ടങ്ങളെക്കുറിച്ചും ചർച്ച നടത്തുകയം പരിഹാരബോധം നടത്തുകയും ചെയ്യുക.
6. ഏറ്റവും അധികം പരീക്ഷണങ്ങൾ മികവോടെ ചെയ്ത കുട്ടികൾക്ക് 'കുട്ടിശാസ്ത്രജ്ഞൻ' എന്ന അവാർഡ് നൽകുക.
7. കുട്ടികളുടെ ശാസ്ത്ര കിറ്റ്, അദ്ധ്യാപകരുടെ ശാസ്ത്ര കിറ്റ്, ക്ലാസ് ലാബ്, ശാസ്ത്ര ലാബ് എന്നിവയുടെ ഫലപ്രദമായ ഉപയോഗം.
8. പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഒരു പ്രസംഗമത്സരം നടത്തുക.
9. എല്ലാ ദിവസവും ഉച്ചസമയത്തോ ഒഴിവ് വേളകളിലോ കുട്ടികൾക്ക് പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും, പരീക്ഷണത്തെക്കുറിച്ച് ലഘു ലേഖനങ്ങൾ തയ്യാറാക്കുന്നതിനുമുള്ള അവസരം നൽകുക.
10. പ്രദേശത്തെ നിലവിലുള്ള സസ്യങ്ങളുടെയും ജന്തുക്കളുടെയും പ്രാധാന്യം കണ്ടെത്തുക.
11. തന്റെ പ്രദേശത്തെ പരിസ്ഥിതി പ്രശ്നങ്ങൾ വ്യക്തമായി തിരിച്ചറിയുന്നതിനുള്ള വിവരശേഖരണം നടത്തുക.
12. പഴയകാല സസ്യങ്ങളെക്കുറിച്ചുള്ള വിവരശേഖരണം നടത്തുക.

**പ്രവർത്തന കലണ്ടർ :**

***ജൂൺ - പരിസ്ഥിതി ദിനാചരണം***

പോസ്റ്റർ നിർമ്മാണം അവതരിപ്പിക്കൽ, സ്കൂൾ പരിസര ശുചീകരണം.

***ജൂലൈ - വനമഹോത്സവം***

സ്കൂളിൽനിന്ന് തൈകൾ കുട്ടികൾക്ക് നൽകുന്നു.

***ആഗസ്റ്റ് - ഹിരോഷിമാ ദിനം***

പോസ്റ്റർ നിർമ്മാണം അവതരിപ്പിക്കൽ.

***സെപ്റ്റംബർ - അദ്ധ്യാപക ദിനം***

ഗുരശിഷ്യ ബന്ധം ശക്തമാക്കൽ ലക്ഷ്യമാക്കി ഗുരുപൂജ.

***ഒക്ടോബർ - ഗാന്ധി ജയന്തി***

കുട്ടികൾ കൃഷി തോട്ടങ്ങൾ നിർമ്മിക്കുന്നു.

***നവംബർ***

കർഷക റാലി നടത്തുന്നു.

***ഡിസംബർ***

ശാസ്ത്ര ക്വിസ്.

***ജനുവരി***

വാന നിരീക്ഷണം നടത്തി സെമിനാർ നടത്തുന്നു.

***ഫെബ്രുവരി***

വിഷയബന്ധിതമായി സംവാദം നടത്തുന്നു.

## G. യു. പി. ഗണിതം

**ലക്ഷ്യങ്ങൾ :**

1. കുട്ടികളിൽ ഗണിതബോധം വളർത്തുക.
2. കുട്ടികൾക്ക് വളരെ ലളിതമായി രീതിയിൽ പഠന നേട്ടങ്ങൾ ആർജ്ജിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
3. നിർമ്മാണ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക.
4. ഓരോ ക്ലാസിനും ഗണിത ലാബ് സജ്ജീകരിക്കുക.
5. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകുക.

**ആശയങ്ങൾ, പ്രവർത്തനങ്ങൾ, പദ്ധതികൾ :**

1. ഗണിതത്തിലെ ചതുഷ്ക്രിയകൾ കുട്ടികൾക്ക് എളുപ്പത്തിൽ മനസ്സിലാകുന്ന രീതിയിൽ പ്രവർത്തനങ്ങൾ നൽകുന്നു.
2. അബാക്കസ്, ചാർട്ട്, ഗണിതപ്പാട്ട്, ഗണിതക്കളികൾ എന്നിവയിലൂടെ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ.
3. ഗണിതവുമായി ബന്ധപ്പെട്ട് ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തൽ. അവ ഉപയോഗിച്ചുള്ള പാറ്റേണുകൾ കണ്ടെത്തൽ.
4. നിർമ്മിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സ്കെയിൽ, കോമ്പസ്, മട്ടക്കോൺ എന്നിവ കൃത്യമായി ഉപയോഗിക്കാനുള്ള കഴിവ് രൂപപ്പെടുത്തി എടുക്കുന്ന.
5. ഭാരം, നീളം, ഉള്ളളവ് എന്നിവ കൃത്യതപ്പെടുത്തി ഏകകങ്ങൾ പരിചയപ്പെടുത്തുന്നു.
6. ഗണിതത്തിന്റെ നാട്ടറിവുകൾ പരിചയപ്പെടുന്നു.
7. പഠനോപകരണങ്ങൾ നിർമ്മിക്കൽ (മട്ടക്കോൺ).
8. ഭിന്നസംഖ്യ ഉപയോഗിച്ചുള്ള ചതുഷ്ക്രിയകൾ നിത്യജീവിതത്തിലെ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി നൽകുക.
9. ഗണിതത്തിൽ മനക്കണക്കിന്റെ പ്രാധാന്യം നൽകുക.
10. വ്യത്യസ്ത അളവുകൾ പരിചയപ്പെടുത്തൽ.

11. ഗണിത നാടകം തയ്യാറാക്കൽ, അവതരണം.
12. ഗണിതാശയങ്ങൾ കൃത്യതപ്പെടുത്തി ഗണിതനിഘണ്ടു തയ്യാറാക്കൽ.
13. ഓരോ ക്ലാസിലും തങ്ങൾ നേടിയ അറിവിന്റെ അടിസ്ഥാനത്തിൽ ഗണിത ലാബ് സജ്ജീകരിക്കൽ.
14. ഓരോ കുട്ടിക്കും സ്വന്തമായി ഒരു ഗണിതക്കിറ്റ്.

**പ്രവർത്തന കലണ്ടർ :**

***ജൂൺ***

ക്ലാസ് അടിസ്ഥാനത്തിൽ സ്കൂൾ കുട്ടികളുടെ ആകെ എണ്ണം കണ്ടെത്തൽ, പട്ടിക തയ്യാറാക്കൽ.

***ജൂലൈ***

പ്രീ ടെസ്റ്റ് നടത്തി കുട്ടികൾക്ക് ചതുഷ്ക്രിയകളിലുള്ള അറിവ് കണ്ടെത്തുക.

***ആഗസ്റ്റ്***

ക്ലാസ് അടിസ്ഥാനത്തിൽ ഗണിതപ്പൂക്കളുടെ നിർമ്മാണം, വിജയികളെ കണ്ടെത്തൽ.

***സെപ്റ്റംബർ***

അദ്ധ്യാപക ദിനവുമായി ബന്ധപ്പെട്ട് ആശംസാ കാർഡ് നിർമ്മാണം.

***ഒക്ടോബർ***

ഗണിത മേള സംഘടിപ്പിക്കൽ.

***നവംബർ***

ജ്യാമിതിയുമായി ബന്ധപ്പെട്ട് പഠനോപകരണ നിർമ്മാണം.

***ഡിസംബർ***

ഗണിത ക്വിസ്, ഗണിത ലാബ് സജ്ജീകരിക്കൽ

***ജനുവരി***

റിപ്പബ്ലിക് ദിനവുമായി ബന്ധപ്പെട്ട് കൃത്യമായ അളവിൽ ദേശീയ പതാക നിർമ്മിക്കൽ.

***ഫെബ്രുവരി***

ഓരോ ക്ലാസിനും ഓരോ വിഷയവുമായി ബന്ധപ്പെട്ട് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കൽ.

***മാർച്ച്***

ഗണിത പതിപ്പ് നിർമ്മാണം.

## 2.2. ഹൈസ്കൂൾ വിഭാഗം

### A. മലയാളം

**ലക്ഷ്യങ്ങൾ :**

1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക.
2. ഉച്ചാരണശുദ്ധിയോടെ വായിക്കുക, ഭാഷാ പ്രയോഗശേഷി വർദ്ധിപ്പിക്കുക.
3. അക്ഷരത്തെറ്റില്ലാതെ എഴുതുക, വായനയിൽ താല്പര്യം വളർത്തുക.
4. വായിച്ച് കാര്യങ്ങൾ ഗ്രഹിക്കാനുള്ള കഴിവ് നേടുക.
5. വിവിധ വ്യവഹാര രൂപങ്ങൾ എഴുതി തയ്യാറാക്കാനുള്ള കഴിവ് നേടുക.
6. നാടിന്റെ സാംസ്കാരികത്തനിമയിൽ അറിവ് നേടുകയും അതനുസരിച്ച് നാടിനെ സ്നേഹിക്കുകയും ചെയ്യുക.
7. സാഹിത്യ പ്രസ്ഥാനങ്ങൾ, ഭാഷയുടെ ചരിത്രം, കവികൾ, കലാകാരന്മാർ എഴുത്തുകാർ, ഇവയെപ്പറ്റിയുള്ള അറിവ് നേടുക.

**പ്രവർത്തനങ്ങൾ :**

1. പദസൂര്യൻ - നിശ്ചിത അക്ഷരം ഉൾപ്പെടുത്തിയ വാക്കുകൾ കൊണ്ട് പല വാക്യങ്ങളിൽ നിന്ന് നിശ്ചിത അക്ഷരം ഉൾപ്പെടുത്തി വാക്കുകൾ കണ്ടെത്തുന്നു.
2. ചിത്ര കാർഡുകൾ നല്കി അതുമായി ബന്ധപ്പെട്ട പദങ്ങൾ കണ്ടെത്തുന്നു.
3. വായന മത്സരം
4. നിശ്ചിത പാഠങ്ങളിലെ പദങ്ങൾ നൽകി സമാനചിഹ്നങ്ങൾ ഉൾപ്പെടുന്ന പദങ്ങളെ തരംതിരിക്കുന്നു.
5. കഥ, കവിത തുടങ്ങിയവയുടെ ഓഡിയോ കേൾപ്പിക്കുന്നു.
6. ഉച്ചാരണ സ്ഫുടതയോടെ വായിക്കുന്നു.
7. പത്രങ്ങൾ, പുസ്തകങ്ങൾ എന്നിവ നൽകുന്നു. പുതിയ പദങ്ങൾ കണ്ടെത്തുന്നു.
8. നിഘണ്ടു നോക്കി അർത്ഥങ്ങൾ കണ്ടെത്തുന്നു.
9. ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയുടെ ഉപയോഗം.
10. വായനാമുറി പ്രയോജനപ്പെടുത്തൽ.
11. പദക്കൂട്ടങ്ങൾ നൽകി വാക്യങ്ങൾ രൂപീകരിക്കുന്നു.
12. ചെറിയ വാക്കുകൾ കൂട്ടിച്ചേർത്ത് ഒറ്റവാക്യമാക്കുന്നു.
13. മഹാ വാക്യങ്ങളെ ചെറുവാക്യങ്ങളാക്കുന്നു. കഥാചിത്രങ്ങളിൽ നിന്നും കഥ പറയൽ.
14. ലൈബ്രറിയുടെ ശരിയായ ഉപയോഗം.
15. ഒരു ക്ലാസിനൊരു പത്രം, രാവിലെ 10 മിനിട്ട് പത്രവായന.
16. ആനുകാലികങ്ങൾ, പത്രങ്ങൾ എന്നിവ ഉൾപ്പെടുത്തിയ വായനമുറിയുടെ ഉപയോഗം.

17. പ്രസംഗം, പ്രഭാഷണം എന്നിവ ഉൾപ്പെടുത്തി സ്കൂൾ അസംബ്ലി.
18. പുസ്തകസ്വാദനക്കുറിപ്പുകൾ തയ്യാറാക്കൽ, വായനാനുഭവം പങ്കുവയ്ക്കൽ.
19. വിഷയം നൽകി പ്രസംഗിക്കുവാൻ പ്രസംഗക്ലബ്ബ്.

**സാഹിത്യാഭിരുചി വർദ്ധിപ്പിക്കാൻ :**

1. വിദ്യാരംഗ കലാസാഹിത്യ വേദിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
2. നാടൻ കലാരൂപങ്ങളുടെ പ്രദർശനവും ക്ലാസും (ഉദാ: വേലകളി)
3. സാഹിത്യ പ്രസ്ഥാനങ്ങളിൽ താല്പര്യമുള്ള കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് അതാത് മേഖലയിൽ പരിശീലനം നൽകുന്നു.
4. കഥയരങ്ങ്, കവിയരങ്ങ് എന്നിവ സംഘടിപ്പിക്കുന്നു,
5. സ്കൂൾ റേഡിയോയിലൂടെ കുട്ടികളുടെ സാഹിത്യ സംരംഭങ്ങളും കലാപ്രകടനങ്ങളും അവതരിപ്പിക്കുന്നു.
6. ഒരു ക്ലാസിന് ഒരു കയ്യെഴുത്തു മാസിക.
7. സംവാദം സംഘടിപ്പിക്കൽ.
8. സെമിനാർ അവതരണം.
9. സർഗാത്മക രചനകൾ ബ്ലോഗിൽ ഉൾപ്പെടുത്തുന്നു.
10. വിവിധ മേഖലകളിൽ പ്രഗല്ഭരായവരുമായി അഭിമുഖത്തിനും ചർച്ചയ്ക്കും അവതരണത്തിനും അവസരമൊരുക്കുന്നു.
11. വാർത്താ വായന.
12. നാടൻ പാട്ടുകൾ ശേഖരണം, അവതതരണം.
13. പഴഞ്ചൊല്ലുകൾ, ശൈലികൾ ശേഖരണം, വ്യാഖ്യാനം.
14. നാടൻ കലാരൂപങ്ങളുടെ അവതരണം, ചിത്രങ്ങൾ ശേഖരണം, കുറിപ്പ് തയ്യാറാക്കൽ.
15. വാദ്യോപകരണങ്ങൾ, ചിത്രങ്ങൾ പ്രദർശനം, വിതരണം.
16. നാട്ടറിവുകൾ ശേഖരിക്കൽ.
17. നാടൻ ചികിത്സാ രീതികൾ, ഔഷധസസ്യങ്ങൾ എന്നിവയെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കൽ.
18. നാടൻ ഭക്ഷണസാധനങ്ങൾ, ആഹാരരീതികൾ എന്നിവ കണ്ടെത്തൽ.
19. നാടൻ കാർഷിക രീതികൾ പരിചയപ്പെടുത്തൽ.
20. പ്രാദേശിക സ്ഥല നാമങ്ങളുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ അറിയുന്നു.

**വായന, ലൈബ്രറി :**

1. വായനമുറി പരിഷ്കരിക്കൽ.
2. പത്രങ്ങൾ, ആനുകാലികങ്ങൾ തരംതിരിച്ച് ഷെൽഫിൽ ക്രമീകരിക്കൽ.
3. ഒഴിവുസമയം ഫലപ്രദമായി വായനാമുറിയിൽ പ്രയോജനപ്പെടുത്തുക.

4. പുസ്തകസമാഹരണം.
5. ജന്മദിന സമ്മാനം, വായനാ ദിനത്തോടനുബന്ധിച്ചുള്ള പുസ്തകശേഖരണം.
6. സ്കൂൾ അഭ്യുദയകാംക്ഷികളിൽ നിന്ന് സംഭാവന സ്വീകരിച്ച് പുസ്തക സമാഹരണം.
7. സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി.
8. വായന മത്സരം, ആഴ്ചതോറും വായനക്കുറിപ്പ് മത്സരം.
9. വായനാവാരം സംഘടിപ്പിക്കൽ.
10. ലൈബ്രറിയുടെ ചുവരുകളിൽ പ്രശസ്ത എഴുത്തുകാരുടെ ഫോട്ടോകൾ, കലാരൂപങ്ങളുടെ ചിത്രങ്ങൾ എന്നിവകൊണ്ട് അലങ്കരിക്കുന്നു. പുസ്തക പ്രദർശനം നടത്തുന്നു.
11. റഫറൻസ് ഗ്രന്ഥങ്ങളുടെ സമാഹരണം.
12. സ്കൂൾ ലൈബ്രറി വിപുലീകരിക്കൽ.

**പ്രവർത്തന കലണ്ടർ :**

***ജൂൺ***

വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനം, വായനാദിനം, വായനാദിനാചരണം, പുസ്തക സമാഹരണം, പുസ്തക പ്രദർശനം, ജന്മദിന സമ്മാനം പുസ്തകം.

*പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് :-*

നിശ്ചിത അക്ഷരം ഉൾപ്പെടുത്തിയ വാക്കുകൊണ്ട് പദസൂര്യൻ നിർമ്മിക്കുന്നു. കാർഡുകൾ നൽകി അതുമായി ബന്ധപ്പെട്ട പദങ്ങൾ നിർമ്മിക്കുന്നു. ഭാഷാപരമായി മികവ് പരിഹരിക്കൽ.

ലൈബ്രറിയുടെ ശരിയായ ഉപയോഗം, ഒരു ക്ലാസിനൊരു പത്രം, രാവിലെ ക്ലാസ് റൂമിൽ പത്രവായന, വായനാ മുറിയുടെ ഉപയോഗം, സാഹിത്യ പ്രസ്ഥാനങ്ങളിൽ താല്പര്യമുള്ള കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് പരിശീലനം നൽകുന്നു.

***ജൂലൈ***

ബഷീർ അനുസ്മരണം, വായനാമത്സരം, പല വാക്യങ്ങളിൽ നിശ്ചിത അക്ഷരമാല ഉൾപ്പെടുത്തി വാക്കുകൾ കണ്ടെത്തി എഴുതുന്നു. നിശ്ചിത പാഠഭാഗത്തിലെ പദങ്ങൾ നൽകി സമാനചിഹ്നങ്ങൾ ഉൾപ്പെടുന്ന പദങ്ങളെ തരംതിരിക്കുന്നു. കഥ, കവിത തുടങ്ങിയവയുടെ ഓഡിയോ കേൾപ്പിക്കുന്നു. പ്രസംഗം, പ്രഭാഷണം എന്നിവ ഉൾപ്പെടുത്തി അസംബ്ലി, പുസ്തകാസ്വാദനക്കുറിപ്പുകൾ, വായനാനുഭവം പങ്കുവയ്ക്കൽ, സാംസ്കാരിക പരിചയം, നാടൻ ഭക്ഷണസാധനങ്ങൾ, ആഹാര രീതികൾ എന്നിവ. നാടൻപാട്ടുകൾ – ശേഖരണം, അവതരണം, സാംസ്കാരിക കേന്ദ്രങ്ങൾ – സന്ദർശനം, റിപ്പോർട്ടവതരണം, നാടൻ കലാരൂപങ്ങളുടെ അവതരണം.

***ആഗസ്റ്റ് - പുതുവർഷാരംഭം (ചിങ്ങം 1) ആചരണം***

നാടൻകൃഷി രീതികൾ പരിചയപ്പെടുന്നു. നിഘണ്ടു നോക്കി അർത്ഥം കണ്ടെത്തുന്നു. പ്രസംഗ ക്ലബ് രൂപീകരണം, നാടൻ കലാരൂപങ്ങളുടെ പ്രദർശനവും ക്ലാസും. (ഉദാ: വേലകളി).

***സെപ്റ്റംബർ - അദ്ധ്യാപക ദിനം***

ചെറിയ വാക്യങ്ങൾ കൂട്ടിച്ചേർത്ത ഒറ്റ വാക്യമാക്കുന്നു. മഹാവാക്യങ്ങളെ ചെറുവാക്യങ്ങളാക്കുന്നു. വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നു. കഥയരങ്ങ് സംഘടിപ്പിക്കുന്നു. നാടൻ കാർഷിക രീതികൾ പരിചയപ്പെടുത്തുന്നു. പ്രാദേശിക സ്ഥല നാമങ്ങളുമായി ബന്ധപ്പെട്ട് ഐതിഹ്യങ്ങൾ ശേഖരിക്കുന്നു. പുസ്തകപ്രദർശനം സംഘടിപ്പിക്കുന്നു.

***ഒക്ടോബർ - വയോജനദിനം***

ലൈബ്രറിയുടെ ചുമരുകളിൽ പ്രശസ്ത എഴുത്തുകാരുടെ ഫോട്ടോകളും കലാരൂപങ്ങളുടെ ചിത്രങ്ങളും കൊണ്ട് അലങ്കരിക്കുന്നു. റഫറൻസ് ഗ്രന്ഥങ്ങളുടെ സമാഹരണം, സ്കൂൾ ലൈബ്രറി വിപുലീകരിക്കൽ.

***നവംബർ - മലയാള ഭാഷാദിനം (നവംബർ 1)***

നാട്ടറിവുകൾ ശേഖരിക്കൽ, നാടൻ ചികിത്സാ രീതികൾ, ഔഷധസസ്യങ്ങൾ എന്നിവയെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കൽ, സർഗാത്മക രചനകൾ ബ്ലോഗിൽ ഉൾപ്പെടുത്തൽ, സ്കൂൾ റേഡിയോയിലൂടെ കുട്ടികളുടെ സാഹിത്യ സംരംഭങ്ങളും കലാപ്രകടനങ്ങളും സംപ്രേഷണം ചെയ്യുന്നു.

***ഡിസംബർ***

ചലച്ചിത്രോത്സവം സംഘടിപ്പിക്കൽ, സംവാദം സംഘടിപ്പിക്കൽ, സെമിനാർ അവതരണം.

***ജനുവരി***

സ്ഥാപക പിതാവിന്റെ ദിനാചരണം, പുസ്തക പ്രദർശനം, ആസ്വാദനക്കുറിപ്പ് മത്സരം, സ്കൂൾ അഭ്യുദയകാംക്ഷികളിൽ നിന്ന് സംഭാവന സ്വീകരിച്ച് പുസ്തക സമാഹരണം, വാദ്യോപകരണങ്ങൾ, ചിത്രങ്ങൾ പ്രദർശനം, വിവിധ മേഖലകളിൽ പ്രശസ്തരായവരുമായുള്ള അഭിമുഖം, ചർച്ച എന്നിവ നടത്തുന്നു.

***ഫെബ്രുവരി***

തെറ്റുകൂടാതെ ഉച്ചാരണ ശുദ്ധിയോടെ വായിക്കുന്നു, എഴുതുന്നു, കഥാചിത്രങ്ങൾ നൽകി കഥ പറയിക്കുന്നു. കവിയരങ്ങ്, വായനയ്ക്ക് അവസരം നൽകുന്നു. ഒരു ക്ലാസിന് ഒരു കൈയെഴുത്ത് മാസിക.

## B. ഇംഗ്ലീഷ്

**ലക്ഷ്യങ്ങൾ :**

1. എല്ലാ വിദ്യാർത്ഥികളേയും ഇംഗ്ലീഷിൽ എഴുതാനും വായിക്കാനും പഠിപ്പിക്കുക.
2. സർഗാത്മക രചനകൾ ഇംഗ്ലീഷിൽ നടത്തുന്നതിന് അവസരം നൽകുക.
3. ഇംഗ്ലീഷിലുള്ള ഭാവനാപരമായി രചകനകൾക്ക് അവസരം കൊടുക്കുക.
4. ഇംഗ്ലീഷ് ഭാഷാപഠനം ഐ. റ്റി. അധിഷ്ഠിതമാക്കുക.
5. ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യം വർദ്ധിപ്പിക്കുക.
6. ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക.
7. ഇംഗ്ലീഷ് വായനാശീലം വർദ്ധിപ്പിക്കുക.
8. ഇംഗ്ലീഷ് ഭാഷ അനുഭവവേദ്യമാക്കുന്ന കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുക.

**പ്രവർത്തനങ്ങൾ :**

1. എല്ലാ വിദ്യാർത്ഥികൾക്കും അക്ഷരമാല ഉൾപ്പടെ അടിസ്ഥാനപാഠങ്ങൾ പഠിപ്പിക്കുക.
2. ഇംഗ്ലീഷ് ക്ലബിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക.
3. ഇംഗ്ലീഷ് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിശീലിപ്പിക്കാൻ മിടുക്കരായ വിദ്യാർത്ഥികളുടെ കോർഗ്രൂപ്പ് ഉണ്ടാക്കുക.
4. ഇംഗ്ലീഷ് പത്രവായനയ്ക്ക് അവസരമൊരുക്കുക.
5. ഇംഗ്ലീഷ് അസംബ്ലി.
6. ക്ലാസ് ലൈബ്രറിയിൽ കൂടുതൽ ഇംഗ്ലീഷ് പുസ്തകങ്ങൾ ഉൾപ്പെടുത്തും.
7. ക്ലാസിൽ വിദ്യാർത്ഥികൾ അവരുടെ അനുഭവങ്ങൾ ഇംഗ്ലീഷിൽ പങ്കുവയ്ക്കുന്നു.
8. വിവിധ മത്സരങ്ങൾ, കഥാരചന, കവിതാ രചന, ഡിബേറ്റ്, പാനൽ ഡിസ്കക്ഷൻ, പോസ്റ്റർ.
9. ഇംഗ്ലീഷ് ക്ലാസ് മാഗസിൻ.
10. ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തുന്ന കളികൾ, പസ്സിലുകൾ.
11. അസംബ്ലിയിൽ ഇംഗ്ലീഷ് പത്രവായന.
12. ഇംഗ്ലീഷ് പത്രം തയ്യാറാക്കുക.
13. പാഠഭാഗവുമായി ബന്ധപ്പെട്ട റോൾപ്ലേ, കൊറിയോഗ്രഫി, നാടകം, ഇംഗ്ലീഷ് ഫെസ്റ്റ്.
14. വിദേശീയരുമായി സംവദിക്കാൻ അവസരം.
15. ഓൺലൈൻ ഇംഗ്ലീഷ് ക്ലാസുകളിൽ പങ്കെടുക്കാൻ അവസരം.
16. വ്യാകരണം പഠിപ്പിക്കാൻ ഓൺലൈൻ മാധ്യമങ്ങൾ ഉപയോഗപ്പെടുത്തുക.

17. സ്കൂൾ റേഡിയോയിൽ ഇംഗ്ലീഷ് പ്രോഗ്രാമുകൾ ഉൾപ്പെടുത്തുക.
18. വിദഗ്ദ്ധാധ്യാപകരുടെ പരിശീലന ക്ലാസുകൾ.
19. ഇംഗ്ലീഷ് മീഡിയം ക്ലാസുകളിൽ എല്ലാ വിഷയവും ഇംഗ്ലീഷിൽ പഠിപ്പിക്കുന്നു.
20. കമ്പ്യൂട്ടർ ലാബുമായി ബന്ധപ്പെടുത്തി ഭാഷാ ലാബ് നിർമ്മാണം.
21. ഇംഗ്ലീഷ് ഫിലിം ഫെസ്റ്റിവൽ.
22. രക്ഷിതാക്കളുടെ സഹായത്തോടെ വീട്ടിൽ ഇംഗ്ലീഷ് സംസാരിക്കുവാൻ അവസരം ഉണ്ടാക്കുക.
23. ഇംഗ്ലീഷിൽ പരിചയപ്പെടുത്തൽ, കഥ പറച്ചിൽയ
24. എല്ലാ കുട്ടികൾക്കും പോക്കറ്റ് ഇംഗ്ലീഷ് ഡിക്ഷണറി ലഭ്യമാക്കും.
25. ഓരോ ക്ലാസിലും ഇംഗ്ലീഷ് സെമിനാർ.
26. വിശിഷ്ട വ്യക്തികളുമായി അഭിമുഖം.
27. കൈയക്ഷരം മെച്ചപ്പെടുത്തുവാൻ കോപ്പി റൈറ്റിംഗ് ശീലമാക്കും.
28. കേട്ടെഴുത്ത്, വേഡ് പിരമിഡ്, റോൾ പ്ലേ എന്നിവ കൂടുതലായി ഉപയോഗപ്പെടുത്തും.
29. യൂണിറ്റ് ടെസ്റ്റുകൾ കൂടുതൽ ഫലപ്രദമാക്കും.

**പ്രവർത്തന കലണ്ടർ :**

***ജൂൺ***

ഇംഗ്ലീഷ് ക്ലബ് രൂപീകരണം, കോർ ഗ്രൂപ്പ് രൂപീകരണം, പരിസ്ഥിതി ദിന പോസ്റ്റർ രചനാ മത്സരം, വായനാദിനം, വായനാ മത്സരം.

***ജൂലൈ***

കഥാരചന, കവിതാ രചന മത്സരം.

***ആഗസ്റ്റ്***

ഇംഗ്ലീഷ് ഫിലിം ഫെസ്റ്റ്, വിദഗ്ദ്ധാധ്യാപകരുടെ പരിശീലന ക്ലാസുകൾ.

***സെപ്റ്റംബർ***

ഇംഗ്ലീഷ് ഫെസ്റ്റ്, പ്രസംഗമത്സരം, ഇംഗ്ലീഷ് പദ്യോച്ചാരണം, വിശിഷ്ട വ്യക്തികളുമായുള്ള അഭിമുഖം.

***ഒക്ടോബർ***

ഇംഗ്ലീഷ് മാഗസിൻ തയ്യാറാക്കൽ, ഇംഗ്ലീഷ് നാടക പരിശീലനം, അവതരണം.

***നവംബർ***

എല്ലാ ക്ലാസുകളിലും ഡിബേറ്റ്, സ്കൂൾ ഇംഗ്ലീഷ് പത്രം തയ്യാറാക്കൽ.

***ഡിസംബർ***

സ്കൂൾ റേഡിയോയിൽ ഇംഗ്ലീഷ് പരിപാടികൾ അവതരിപ്പിക്കൽ, ഓൺലൈൻ ക്ലാസുകൾ

***ജനുവരി***

ഇംഗ്ലീഷ് ക്വിസ്, ഉപന്യാസമത്സരം, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ.

***ഫെബ്രുവരി***

ഓൺലൈൻ വ്യാകരണ ക്ലാസുകൾ, ഐ. സി. റ്റി. ഉൽപ്പന്നങ്ങൾ നിർമ്മിക്കൽ. (Choreography, Skit, Multimedia Presentation etc.)

***മാർച്ച്***

പരീക്ഷ ലക്ഷ്യമാക്കിയുള്ള പ്രത്യേക പരിശീലനം, പിന്നോക്ക വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം.

***മെയ്***

വ്യാകരണ ക്ലാസുകൾ, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകൾ.

## C. ഹിന്ദി

**ലക്ഷ്യങ്ങൾ :**

രാഷ്ട്രഭാഷയായ ഹിന്ദിയെ ആയാസരഹിതമായി ഉപയോഗിക്കുന്നതിനുള്ള തന്ത്രങ്ങൾ സൃഷ്ടിക്കുക എന്നതാണ് അദ്ധ്യാപനത്തിലൂടെ നൽകുവാൻ ആഗ്രഹിക്കുന്നത്.

**ആശയങ്ങൾ, പ്രവർത്തനങ്ങൾ, പദ്ധതികൾ :**

1. Easy Hindi എന്ന പദ്ധതിയിലൂടെ കുട്ടികളിൽ പഠനതാത്പര്യം സൃഷ്ടിക്കുന്നു.
2. അക്ഷരങ്ങളുടെ സഹായത്തോടെ വാക്കുകലും ലഘുവാക്യങ്ങളും സ്വയം നിർമ്മാനുതകുന്ന രീതിയിലുള്ള ഐ. സി. റ്റി. യുടെ സഹായത്തോടെ അവതരിപ്പിക്കുന്നു.
3. 'ജവാനി ഹിന്ദി' യ്ക്ക് പ്രാധാന്യം കൊടുക്കുക.
4. ഹിന്ദി ഭാഷാർജ്ജിതശേഷി വർദ്ധിപ്പികാനുതകുന്ന തരത്തിലുള്ള ലഘുമത്സരങ്ങൾ സംഘടിപ്പിക്കുക.
5. 'ഹിന്ദി വാതാവരൺ' ക്ലാസിൽ പരമാവധി നിലനിർത്തുക.
6. ഹിന്ദിയിൽ ആശയവിനിമയം നടത്തുന്നതിനുള്ള പരിശീലം നടത്തുക.
7. വിദ്യാർത്ഥികൾക്ക് പ്രത്യേകം ക്യാമ്പ് നടത്തുക.
8. കഥാവായന, കഥാരചന, സ്ക്രിപ്റ്റ് എഴുത്ത്, എഡിറ്റിംഗ്, അഭിനയ പരിശീലനം ഇവ നടത്തുക.
9. 'ഹിന്ദി ടെക് സംവിധാനത്തിലൂടെ ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം നൽകുക.
10. സ്കൂൾ വാർഷികം, പി. റ്റി. എ. മീറ്റിംഗ് ഇവയിൽ കുട്ടികൾക്ക് ഹിന്ദിയിൽ കലാപരിപാടികൾ അവതരിപ്പിക്കാനുള്ള അവസരം കൊടുക്കുക.
11. Documentation
12. Hindi Theatre

13. ഹിന്ദി ലേഖകരുമായുള്ള വീഡിയോ കോൺഫ്രൻസ്.
14. ഹിന്ദി കവിതകളുടെ ഓഡിയോ - വീഡിയോ കേൾക്കാനുള്ള അവസരം.
15. സ്കൂൾ തല റേഡിയോയിൽ ഹിന്ദി പരിപാടികൾ പ്രക്ഷേപണം ചെയ്യുക.
16. ഹിന്ദി വാർത്ത പ്രക്ഷേപണം.
17. ഹിന്ദി ക്വിസ് പ്രോഗ്രാം.
18. ഹിന്ദി മാതൃഭാഷയായിട്ടുള്ളവരുമായി സ്കൈപ്പിലൂടെ സംവദിക്കുക.
19. സമീപ സ്കൂളിലെ കുട്ടികളുമായി ഇടപെടൽ.

**പ്രവർത്തന കലണ്ടർ :**

***ജൂൺ***

പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട പോസ്റ്റർ നിർമ്മാണം, വായന ദിനവുമായി ബന്ധപ്പെട്ട് കഥ, കവിത വായനാ മത്സരങ്ങൾ.

***ജൂലൈ***

വനമഹോത്സവവുമായി ബന്ധപ്പെട്ട ലേഖന മത്സരം.

***ആഗസ്റ്റ്***

ദേശഭക്തി ഗാനമത്സരം.

***സെപ്റ്റംബർ***

പ്രേംചന്ദ് ദിനവുമായി ബന്ധപ്പെട്ട് വിവിധ മത്സരങ്ങൾ.

***ഒക്ടോബർ***

ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട് പ്രമുഖരായ വ്യക്തികളെ സംഘ ടിപ്പിച്ചുള്ള സംവാദം.

***നവംബർ***

ഹിന്ദി തീയറ്റർ സജ്ജീകരണം.

***ഡിസംബർ***

സ്കൂൾ തല റേഡിയോയിൽ വിവധ പരിപാടികൾ.

***ജനുവരി***

ദേശീയദിനത്തോടനുബന്ധിച്ചുള്ള മത്സരങ്ങൾ.

***ഫെബ്രുവരി***

ഹിന്ദി പ്രദേശത്തെ ആളുകളുമായുള്ള വിഡിയോ കോൺഫ്രൻസ്.

***മാർച്ച്***

ക്വിസ് പ്രോഗ്രാം.

## D. സോഷ്യൽ സയൻസ്

**ലക്ഷ്യങ്ങൾ :**

1. പഠനനിലവാരം കൂടുതൽ മെച്ചപ്പെടുത്തുക.
2. നൂനത പ്രവർത്തന പദ്ധതികൾ ഉൾപ്പെടുത്തുക.
3. വിജയശതമാനവും ഗ്രേഡ് നിലവാരവും ഉയർത്തുക.
4. കുടിവെള്ള ക്ഷാമം, വെള്ളപ്പൊക്ക ഭീഷണി എന്നിവയെക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിക്കുക.
5. കുട്ടികളുടെ സ്വയം പഠനത്തിനും സ്വയം പ്രകടനത്തിനുമുള്ള അവ സരങ്ങൾ സൃഷ്ടിക്കുക.
6. അധ്യാപനം ആകർഷകവും പഠനം രസകരവുമാക്കുക.
7. പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക.
8. സമൂഹത്തിൽ ഇറങ്ങി പ്രവർത്തിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.
9. തുടർന്നുള്ള സാധ്യതകൾ മെച്ചപ്പെടുത്തുക.

**പ്രവർത്തനങ്ങൾ, ആശയങ്ങൾ, പദ്ധതികൾ :**

1. ഐ. സി. റ്റി. സാധ്യത കൂടുതലായി ഉൾപ്പെടുത്തുക.
2. പഠനോപകരണങ്ങൾ കൂടുതൽ വാങ്ങുന്നു.
3. സാമൂഹ്യശാസ്ത്ര ലാബ് നവീകരിക്കുന്നു.
4. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി സ്പെഷ്യൽ കോച്ചിംഗ് ക്ലാസ്.
5. കുട്ടികളുടെ ഭവന സന്ദർശനം.
6. മോഡൽ പാർലമെന്റ്.
7. പഠനയാത്ര.
8. ഫീൽഡ് ട്രിപ്പ്.
9. ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കൽ.
10. അഭിമുഖങ്ങൾ സംഘടിപ്പിക്കൽ.
11. സെമിനാറുകൾ സംഘടിപ്പിക്കൽ.
12. സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകലും റാലി കളും സംഘടിപ്പിക്കുക.
13. പ്രാദേശിക ചരിത്ര രചന.
14. സംവാദങ്ങൾ സംഘടിപ്പിക്കൽ.

## E. ശാസ്ത്രം

**ലക്ഷ്യങ്ങൾ :**

1. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക.
2. ചുറ്റുപാടുകളെ ശാസ്ത്രീയപരമായി വ്യാഖ്യാനിക്കുവാൻ കഴിയുക.
3. പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക.
4. ശാസ്ത്രത്തിന്റെ ദുരുപയോഗം തടയുക.
5. ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക.
6. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
7. പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടൽ വിവേക പൂർണ്ണമാക്കുക.
8. പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക.
9. ശാസ്ത്ര നേട്ടങ്ങൾ സാമൂഹ്യനന്മയ്ക്കായി പ്രയോജനപ്പെടുത്തുക.
10. ശാസ്ത്രത്തിനുവേണ്ടി ജിവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക.

**പ്രവർത്തനങ്ങൾ, ആശയങ്ങൾ, പദ്ധതികൾ :**

1. 8, 9, 10 ക്ലാസുകളിലെ സയൻസ് പുസ്തകങ്ങളുടെ അടിസ്ഥാനത്തിൽ പരീക്ഷാ കലണ്ടർ തയ്യാറാക്കി സയൻസ് ലാബിലും സ്റ്റാഫ് റൂമിലും പ്രദർശിപ്പിക്കുന്നു.
3. സയൻസ് ലാബിന്റെ ഭിത്തിയിൽ ശാസ്ത്ര പ്രതിഭകളുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുക.
4. സ്കൂൾ ലാബിലെ ഇരിപ്പിടങ്ങൾ ക്രമീകരിക്കുക.
5. പരീക്ഷണങ്ങൾക്കാവശ്യമായ ബാക്കി ഉപകരണങ്ങൾ വാങ്ങുക.
6. നിലവിലുള്ള മുഴുവൻ പരീക്ഷണ ഉപകരണങ്ങളുടെയും കണക്കെടുക്കുക.
7. കുടിവെള്ള ക്ഷാമം, വെള്ളപ്പൊക്ക ഭീഷണി എന്നിവയെക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിക്കുക.
8. ശാസ്ത്ര മേഖലയിലെ നൂതന കണ്ടുപിടുത്തങ്ങളും ആശയങ്ങളും സ്കൂൾ അസംബ്ലിയിലൂടെ കുട്ടികളിൽ എത്തിക്കുന്നു.
9. എല്ലാ ആഴ്ചയിലും സയൻസ് ക്വിസ് നടത്തുന്നതിനായി 'ക്വിസ് പെട്ടി' ക്രമീകരിക്കുക.
10. പ്രകൃതിയെ അറിയാൻ പഠനയാത്ര സംഘടിപ്പിക്കുക.
11. മികച്ച പരീക്ഷണ ശാലയിലേയ്ക്ക് പഠനയാത്ര സംഘടിപ്പിക്കുക.
12. കുട്ടനാട്ടിലെ വിവിധ മേഖലകളിലെ 'മണ്ണ് സാമ്പിൾ പരീക്ഷണ ശില്പശാല'.
13. ശാസ്ത്ര ദിനാചരണങ്ങൾ, പ്രത്യേക സ്കൂൾ റേഡിയോ പ്രക്ഷേപണം.

14. നെൽകൃഷി, മത്സ്യസമ്പത്ത്, കാർഷിക മേഖല, താറാവ്, പക്ഷികൾ എന്നിങ്ങനെ വിവിധ ജൈവവൈവിധ്യ മേഖലയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ക്ലാസടിസ്ഥാനത്തിൽ തയ്യാറാക്കുന്നു.
15. ഐ. റ്റി. സാധ്യതകൾ ഉപയോഗിച്ച് വിദേശ രാജ്യങ്ങളിലെ സയൻസ് പരീക്ഷണ ശാലകൾ കാണുന്നതിനുള്ള അവസരം ഒരുക്കുന്നു.
16. ശാസ്ത്ര വിദഗ്ധരുമായി സംവദിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
17. സ്കൂൾ തല ശാസ്ത്ര പ്രദർശനം.
18. ക്ലാസ് തല ശാസ്ത്ര മാഗസിനുകളുടെ രൂപീകരണം.
19. പ്രകൃതി സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണം നടത്താൻ സന്ദേശ യാത്രകൾ സംഘടിപ്പിക്കുന്നു.
20. അന്തരീക്ഷ താപനില ശേഖരണം ഗ്രൂപ്പടിസ്ഥാനത്തിൽ നടത്തി ശാസ്ത്ര വാർത്താ ബോർഡിൽ പ്രദർശിപ്പിക്കുന്നു.
21. മഴയളക്കാൻ ജൂൺ മാസം മുതൽ മെയ് മാസം വരെയുള്ള മഴയുടെ തോത് മഴ വ്യാപിനി ഉപയോഗിച്ച് അളക്കുകയും ശാസ്ത്ര വാർത്താ ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

**പ്രവർത്തന കലണ്ടർ :**

***ഏപ്രിൽ***

സയൻസ് ലാബിലെ നിലവിലുള്ള മുഴുവൻ പഠനോപകരണങ്ങളുടെയും കണക്കെടുക്കുന്നു.

***മെയ്***

8, 9, 10 ക്ലാസുകളിലെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി പുസ്തകങ്ങളുടെ അടിസ്ഥാനത്തിൽ പരീക്ഷണ കലണ്ടർ അദ്ധ്യാപകർ തയ്യാറാക്കുന്നു. സയൻസ് ലാബിലും, സ്റ്റാഫ് റൂമിലും പ്രദർശിപ്പിക്കുന്നു. സയൻസ് ലാബിന്റെ ഇരിപ്പിടങ്ങൾ കൂടുതൽ സൗകര്യപ്രദമായി രീതിയിൽ ക്രമീകരിക്കുന്നു.

***ജൂൺ***

സയൻസ് ലാബിലേയ്ക്ക് ആവശ്യമായ മുഴുവൻ ഉപകരണങ്ങളുടെയും ലിസ്റ്റ് എസ്സ്. ആർ. ജി. യിൽ അവതരിപ്പിക്കുന്നു. പരീക്ഷണങ്ങൾ ചെയ്ത് സയൻസ് ക്ലബ്ബ് ഉദ്ഘാടനം, സയൻസ് ക്വിസ് (ക്വിസ് പെട്ടി) ആരംഭം കുറിക്കുന്നു. മഴയളക്കൽ പരിപാടി ആരംഭിക്കുന്നു. (9-ാം ക്ലാസിലെ സയൻസ് ക്ലബ്ബ് അംഗങ്ങൾ) പരിസ്ഥിതി ദിനാചരണം റേഡിയോ പ്രക്ഷേപണം.

***ജൂലൈ***

സയൻസ് ക്വിസ് ജൂൺ മാസത്തിലെ വിജയികളെ അനുമോദിക്കുന്നു. മൺസൂൺ കാല മഴയുടെ തോത് ക്രോഡീകരിച്ച് ശാസ്ത്രബോർഡിൽ പ്രദർശിപ്പിക്കുന്നു. മികച്ച പരീക്ഷണ ശാലയിലേയ്ക്ക് പഠനയാത്ര.

***സെപ്റ്റംബർ***

ശാസ്ത്ര പ്രതിഭകളുടെ ചിത്ര പ്രദർശനം എസ്. ആർ. ജി. യിൽ അവതരിപ്പിക്കുന്നു. സയൻസ് ക്വിസ് (ക്വിസ് പെട്ടി), സ്കൂൾ തല ശാസ്ത്ര പ്രദർശനം.

***ഒക്ടോബർ***

സയൻസ് ക്വിസ്, ഭക്ഷ്യ ദിനം, റേഡിയോ പ്രക്ഷേപണം, ഭക്ഷണ ത്തെക്കുറിച്ച് ഹെൽത്ത് ഓഫീസറുമായി അഭിമുഖം (10-ാം ക്ലാസിലെ കുട്ടി കൾ) ജല സാമ്പിളികളുടെ ശേഖരണം, വിവിധ പഞ്ചായത്തുകളിൽനിന്നും. ജല പരീക്ഷണ ശില്പശാല (8-ാം ക്ലാസ് കുട്ടികൾ).

***നവംബർ***

സയൻസ് ക്വിസ്, നെൽകൃഷി നേരിടുന്ന പ്രശ്നങ്ങൾ സെമിനാർ (9-ാം ക്ലാസിൽ നിന്നും 2 പേർ), മണ്ണ് പരീക്ഷണ ശാല (8, 9 ക്ലാസുക ളിലെ കുട്ടികൾ), പുഴ സംരക്ഷണ റാലി (സയൻസ് ക്ലബ്ബ് അംഗങ്ങൾ) കൃഷി വിദഗ്ദ്ധരുമായി അഭിമുഖം (8-ാം ക്ലാസ്).

***ഡിസംബർ***

സയൻസ് ക്വിസ്, എയിഡ്സ് ദിനാചരണം റേഡിയോ പ്രക്ഷേപണം, നിങ്ങളുടെ വാസസ്ഥലത്തെ പരിസ്ഥിതി നശീകരണ പ്രവർത്തനങ്ങൾ പ്രോജക്ട് (8 ലെ കുട്ടികൾ).

***ജനുവരി***

സയൻസ് ക്വിസ്, ജലക്ഷാമം പരിഹാരം, സെമിനാർ സയൻസ് ക്ലബ്ബ്, 8, 9 ക്ലാസുകൾക്കായി കുസാറ്റ്, ഐ. എസ്. ആർ. ഒ സന്ദർശനം ഏർപ്പെ ടുത്തുന്നു.

***ഫെബ്രുവരി***

സയൻസ് ക്വിസ് സിംപിൾ എക്സിപിരിമെന്റ് 8, 9, 10 ക്ലാസുകൾ (ഓരോ ക്ലാസിനും ഓരോ ദിനം)

## F. ഗണിതം

**ലക്ഷ്യങ്ങൾ :**

1. ഗണിതത്തിൽ പിന്നോക്കണം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ശ്രദ്ധ നൽകി അവരെ ഗണിതക്രിയകള് ചെയ്യാൻ പ്രാപ്തരാക്കുക.
2. ഗണിത പഠനം യാന്ത്രികമാക്കാതെ പ്രക്രിയാധിഷ്ഠിതമാക്കുക.
3. ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ ഗണിതാഭിരുചി വളർത്തുക.
4. ഗണിത ലാബ് കൂടുതൽ സൗകര്യങ്ങളോടുകൂടി സജ്ജീകരിച്ച് പ്രവർത്തനക്ഷമമാക്കുക.
5. ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായിക്കുന്ന ഗണിതശേഷികൾ നേരിടുന്നതിനു കഴിവ് വളർത്തുക.

6. ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് കുട്ടിയെ വളർത്തുക.
7. മാത്സ് ബ്ലോഗ് രൂപീകരിക്കൽ.
8. സ്കൂൾ റേഡിയോയിലൂടെ ഗണിത കൗതുകങ്ങൾ പ്രക്ഷേപണം ചെയ്യുക.
9. ഐ. റ്റി. സാദ്ധ്യതയോടുകൂടി ഗണിത പഠനം പ്രാവർത്തികമാക്കുക.
10. ഗണിതാവശ്യങ്ങൾ വിശദീകരിക്കുന്നതിന് ഗണിത ഭാഷ ഉപയോഗിക്കുവാൻ കുട്ടികൾക്ക് കഴിവുണ്ടാക്കുക.
11. കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് ശേഷി വികസിപ്പിക്കുക.

**ആശയങ്ങൾ, പ്രവർത്തനങ്ങൾ, പദ്ധതികൾ :**

1. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുവേണ്ടി നടപ്പിലാക്കുന്ന ശ്രദ്ധ.
2. ഗണിത ക്ലബ്ബിൽ കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുകയും കുട്ടികളിൽ ഗണിത അഭിരുചി വളർത്തുവാൻ സഹായകമാകുന്ന രീതിയിൽ ക്ലബ്ബ് പ്രവർത്തനങ്ങൾ രൂപീകരിക്കുകയും ചെയ്യുക.
3. നിത്യജീവിതത്തിൽ ഗണിതത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ ഗണിത പഠനം നടത്തുക.
4. ഗണിത ലാബിലേയ്ക്ക് വേണ്ട ചാർട്ട്, മോഡൽസ് മുതലായവ കുട്ടികളെക്കൊണ്ട് നിർമ്മിക്കുക.
5. അദ്ധ്യാപകരെയും കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് മാത്സ് ബ്ലോഗ് രൂപീകരിക്കൽ.
6. വിവര സാങ്കേതിക വിദ്യ ഗണിത പഠനത്തിന്റെ ഭാഗമാക്കുക.
7. ജിയോജിബ്ര പോലുള്ള സോഫ്റ്റ്വെയറുകൾ പ്രയോജനപ്പെടുത്തി കുട്ടികളിൽ ഗണിത താല്പര്യം വളർത്തുക.
8. കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്കൂൾ റേഡിയോയിൽ ഗണിതവുമായി ബന്ധപ്പെട്ട പ്രോഗ്രാം മാസത്തിൽ ഒരെണ്ണമെങ്കിലും പ്രക്ഷേപണം ചെയ്യുക.
9. ഗണിത ശാസ്ത്ര മേള സ്കൂൾ തലത്തിൽ നടത്തി അതിൽ കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ച് മികച്ച നിലവാരം പുലർത്തുന്ന ഇനങ്ങൾക്ക് സമ്മാനങ്ങൾ നൽകുക.
10. ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഗണിത ക്വിസ് നടത്തുക.
11. സ്കൂൾ ലൈബ്രറിയിൽ നിന്നും ഗണിത ജ്ഞാനം വളർത്തുന്നവയും ഗണിത ശാസ്ത്രങ്ങളുടെ ചരിത്രം അടങ്ങിയതുമായ പുസ്തകങ്ങൾ കുട്ടികൾക്ക് വായിക്കാൻ നല്കുക.

**പ്രവർത്തന കലണ്ടർ :**

***ജൂൺ***

പ്രീ ടെസ്റ്റ് നടത്തി ഗണിതത്തിൽ അടിസ്ഥാന അറിവുകൾ നേടാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തുന്നു. ഗണിത ലാബ് രൂപീകരിക്കൽ.

***ജൂലൈ***

മാത്സ് ബ്ലോഗിന്റെ പ്രാരംഭ നടപടികൾ, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുവേണ്ടി പ്രത്യേകം പരിശീലനം നൽകുക.

***ആഗസ്റ്റ്***

ഗണിത ലാബിലേയ്ക്ക് വേണ്ട ചാർട്ട്, മോഡൽസ് മുതലായവ കുട്ടികളെക്കൊണ്ട് നിർമ്മിപ്പിക്കുക.

***സെപ്റ്റംബർ***

സ്കൂൾ റേഡിയോയിൽ ഗണിത കൗതുകങ്ങൾ പ്രക്ഷേപണം ചെയ്യുന്നു. സ്കൂൾ തല ഗണിത ശാസ്ത്ര മേള നടത്തുന്നു.

***ഒക്ടോബർ***

മാത്സ് ബ്ലോഗിന്റെ സഹകരണത്തോടുകൂടി സബ് ജില്ല ഗണിത ശാസ്ത്രമേളയ്ക്ക് കുട്ടികളെ പരിശീലിപ്പിക്കുന്നു.

***നവംബർ***

ഇതുവരെ നടത്തിയ പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് തീവ്രപരിശീലനം നൽകുന്നു.

***ഡിസംബർ***

രണ്ടാം ടേം പരീക്ഷയ്ക്കുവേണ്ടി പരിശീലനം നൽകുന്നു.

***ജനുവരി***

പത്താം ക്ലാസ് കുട്ടികൾക്ക് രാവിലെ 8.30 മുതൽ റിവിഷൻ നടത്തുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വൈകുന്നേരം പ്രത്യേക പരിശീലനം നൽകുന്നു.

***ഫെബ്രുവരി***

പത്താം ക്ലാസ് കുട്ടികൾക്ക് തീവ്ര പരിശീലനം നൽകുന്നു.

## G. ഐ. റ്റി. മേഖല

**ലക്ഷ്യങ്ങൾ :**

1. സ്കൂൾ തല സമ്പൂർണ്ണ കമ്പ്യൂട്ടർ സാക്ഷരത കൈവരിക്കുക.
2. IT enabled teaching learning process.
3. School IT Club ന്റെ ബ്ലോഗ് നിർമ്മാണം.
4. സ്കൂൾ റ്റി. വി.
5. പബ്ലിക് ഇന്റർനെറ്റ് സർവ്വീസ്

**പ്രവർത്തനങ്ങൾ, പദ്ധതികൾ :**

1. യു. പി. ഉൾപ്പടെ ക്ലാസ് റൂമും ഹൈ ടെക് ആക്കുന്നു. ആധുനിക രീതിയിലുള്ള സംവിധനാത്തോടു കൂടിയ കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിക്കുന്നതിന് പരിശ്രമിക്കുന്നു.
2. എല്ലാ കുട്ടികൾക്കും ഉപയോഗിക്കാൻ തക്കവിധം കമ്പ്യൂട്ടർ, ലാപ് ടോപ്പ് ഇവയുടെ എണ്ണം വർദ്ധിപ്പിക്കുന്നു. വിവിധ എം. എൽ. എ., എം. പി. ഫണ്ട്, പി. റ്റി. എ., പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ സഹകരണം ഇക്കാര്യത്തിൽ നേടും.
3. മിനി തീയറ്റർ സംവിധാനത്തോടു കൂടിയ മൾട്ടിമീഡിയ ലാബ് സ്കൂളിൽ സജ്ജീകരിക്കുന്നു.
4. കുട്ടിക്കൂട്ടത്തിലെ പരിശീലനം ലഭിച്ച കുട്ടികളുടെ സഹകരണത്തോടെ മറ്റു കുട്ടികൾക്ക് ആവശ്യമായ പരിശീലനം നൽകുന്നു.
5. ഐ. റ്റി. ലാബിന്റെ സുഗമമായ നടത്തിപ്പിനും മെയിന്റനൻസിനും കുട്ടിക്കൂട്ടം കുട്ടികളുടെ സഹകരണം ഉറപ്പാക്കുന്നു.
6. സ്കൂൾ വിക്കിയിൽ കുട്ടികളുടെ കലാസൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നു.
7. ഒഴിവു സമയങ്ങളിൽ ലാബിൽ കുട്ടികളുടെ വിവിധ ഐ. റ്റി. മത്സരങ്ങൾക്ക് പരിശീലനം നൽകുന്നു.
8. IT enabled teaching ന് അധ്യാപകരെ പ്രാപ്തരാക്കുന്നതിന് റിസോഴ്സ് അധ്യാപകരുടെ സഹായം തേടുന്നു.
9. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള അധ്യാപകരുടെ മികവുറ്റ ക്ലാസുകൾ റെക്കോഡ് ചെയ്ത് പ്രദർശിപ്പിക്കുന്നു.
10. ഡിജിറ്റൽ ലൈബ്രറി തയ്യാറാക്കുന്നു.
11. സ്കൂൾ ഐ. റ്റി. ക്ലബ്ബ് ബ്ലോഗ് നിർമ്മാണം.
12. പഠനത്തിനും പരിശീലനത്തിനും ഉപകരിക്കുന്ന അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സൃഷ്ടികൾ ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നു.
13. സ്കൂൾ റ്റി. വി., വാർത്ത വായന, അസംബ്ലി, ക്വിസ് മത്സരം, കുട്ടികളുടെ വിവിധ കലാപരിപാടികൾ, അധ്യാപകരുടെ മികവുള്ള ക്ലാസുകൾ, ഇവയുടെ എല്ലാ വിഷ്വൽസ് സ്കൂൾ റ്റി. വി. യിൽ പ്രദർശിപ്പിക്കുന്നു.
14. ഇവ റെക്കോഡ് ചെയ്യുന്നതിനും എഡിറ്റ് ചെയ്യുന്നതിനും കുട്ടികളുടെ സഹകരണം ഉറപ്പാക്കുന്നു.
15. മാധ്യമങ്ങളുടെ സ്വാധീനം അമിതമായ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് താല്പര്യമുള്ള മേഖലകളിൽ ശരിയായ ട്രെയിനിംഗ് കൊടുത്ത് വളർത്തിക്കൊണ്ടുവരുവാൻ പരിശ്രമിക്കുന്നു.
16. രക്ഷിതാക്കൾക്കും ആവശ്യമെങ്കിൽ പൊതുജനങ്ങൾക്കും കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള പരിശീലനം നൽകുന്നു.

17. സൈബർ ക്രൈമിനെപ്പറ്റി കുട്ടികൾക്കും മാതാപിതാക്കൾക്കും ആവശ്യമായ ബോധവൽക്കരണം നൽകുന്നു.

18. ഒഴിവു സമയങ്ങളിലും അവധി ദിവസങ്ങളിലും പബ്ലിക് ഇന്റർനെറ്റ് സർവ്വീസ് നൽകുന്നു.

19. ട്രെയിൻ ടിക്കറ്റ്, സർട്ടിഫിക്കറ്റ്, ഓൺലൈൻ ഷോപ്പിംഗ് തുടങ്ങിയുള്ള ഇന്റർനെറ്റ് സേവനങ്ങൾ വിദഗ്ദ്ധരുടെ സഹായത്തോടെ കുട്ടികളുടെ സഹകരണത്തോടെ രക്ഷിതാക്കൾക്കും പൊതുജനത്തിനും നൽകുന്നു.

**പ്രവർത്തന കലണ്ടർ :**

***ജൂൺ***

ഐ. റ്റി. ക്ലബ്ബ് രൂപീകരിക്കുന്നു. എല്ലാ ആഴ്ചയിലും ഐ. റ്റി. ക്വിസ് നോട്ടീസ് ബോർഡിൽ പബ്ലിഷ് ചെയ്യുന്നു.

***ജൂലൈ***

കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ഐ. റ്റി. മേളയുമായി ബന്ധപ്പെട്ട് വിവിധ ഇനങ്ങൾ ഒഴിവ് സമയങ്ങളിൽ പരിശീലനം ആരംഭിക്കുന്നു.

***ആഗസ്റ്റ്***

മികവ് പുലർത്തുന്ന കുട്ടികളെ സെലക്റ്റ് ചെയ്ത് തീവ്രപരിശീലനം നൽകുന്നു. സ്കൂൾ വിക്കിയിൽ അപ്ഡേറ്റിംഗ് കുട്ടികളുടെ സഹായത്തോടെ ചെയ്യുന്നു.

***സെപ്റ്റംബർ***

സ്കൂൾ തല ഐ. റ്റി. മേള നടത്തുന്നു. കുട്ടികളെ സെലക്റ്റ് ചെയ്യുന്നു.

***ഒക്ടോബർ***

സബ് ജില്ലാ മേള കുട്ടിക്കൂട്ടത്തിലെ കുട്ടികളുടെ സഹായത്തോടെ സ്കൂളിലെ മറ്റ് കുട്ടികൾക്ക് ആവശ്യമായ മേഖലകളിൽ പരിശീലനം നൽകുന്നു.

***നവംബർ***

അധ്യാപകർക്കും ആവശ്യമെങ്കിൽ രക്ഷിതാക്കൾക്കും കമ്പ്യൂട്ടർ പരിശീലനം നടത്തുന്നു.

***ഡിസംബർ***

സൈബർ ക്രൈമിനെപ്പറ്റി കുട്ടികൾക്കും മാതാപിതാക്കൾക്കും ബോധവൽക്കരണം നടത്തുന്നു.

***ജനുവരി, ഫെബ്രുവരി***

സ്കൂൾ, ഐ. റ്റി. ക്ലബ്ബ് ബ്ലോഗ് നിർമ്മാണം, അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സൃഷ്ടികൾ ബ്ലോഗിൽ പ്രദർശിപ്പിക്കുന്നു.

## 2.3. ക്ലബ്ബുകൾ / സമിതികൾ

### A. എക്കോ ക്ലബ്ബ്

**ലക്ഷ്യങ്ങൾ :**

1. പരിസ്ഥിതി സംരക്ഷിക്കുക.
2. പ്രകൃതിയുമായി ഇണങ്ങി ജീവിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക.
3. ചുറ്റുപാടുകളെ ശാസ്ത്രീയമായി പഠിപ്പിക്കുക.

**പ്രവർത്തനങ്ങൾ :**

1. പൂന്തോട്ടം, ഔഷധത്തോട്ടം, കൃഷി എന്നിവ പഠനവുമായി ബന്ധിപ്പിക്കുന്ന പദ്ധതി.
2. പരിസ്ഥിതി ദിനാചരണത്തിൽ ഓരോ കുട്ടിക്കും ഓരോ ചെടി എന്ന രീതിയിൽ പൂന്തോട്ടം നിർമ്മിക്കുക.
3. സ്കൂൾ ഉച്ചക്കഞ്ഞിക്ക് വേണ്ട പച്ചക്കറികൾ ഓരോ ക്ലാസിന്റെും നേതൃത്വത്തിൽ ഉത്പാദിപ്പിക്കാനുള്ള പദ്ധതി സംഘടിപ്പിക്കുക.
4. കൃഷിഭവനിൽ നിന്നും കുട്ടികൾക്ക് വിത്തുകൾ സംഘടിപ്പിക്കുക.
5. കൃഷി ഓഫീസറുടെ ക്ലാസ്.
6. വീടുകളിൽ കുട്ടിക്കൃഷി പരിപാടികൾ നടപ്പാക്കുക.
7. കർഷകനുമായി അഭിമുഖം.
8. കൃഷിപ്പതിപ്പുകൾ.
9. പച്ചക്കറി ഇനങ്ങൾ, കൃഷിരീതികൾ, പരിപാലനം, എന്നിവ സംബന്ധിച്ച ബോധവൽക്കരണം.
10. കൃഷിക്കുള്ള സ്ഥലവും ചുമതലയും തീരുമാനിക്കുക.
11. കൃഷി ഉപകരണങ്ങൾ വാങ്ങുക.
12. ഔഷധത്തോട്ടം നട്ടുപിടിപ്പിക്കുക.
13. തണലിനായി കൂടുതൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുക.
14. കൃഷി പ്രോജക്ട്, ഇന്റർനെറ്റ് വഴി വിവര ശേഖരം.
15. അസംബ്ലിയിൽ കൃഷിയെക്കുറിച്ച് റിപ്പോർട്ട്.
16. പരിസരം വൃത്തിയാക്കുക.
17. കൃഷിയുമായി ബന്ധപ്പെടുത്തി പത്രം തയ്യാറാക്കി അസംബ്ലിയിൽ അവതരിപ്പിക.
18. ഓരോ ക്ലാസിലും വേസ്റ്റ് ബക്കറ്റ് വേണം.
19. പേപ്പർ കപ്പ്, പ്ലാസ്റ്റിക് കപ്പ് ഇവയ്ക്ക് പകരം കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങൾ പ്രോത്സാഹിപ്പിക്കുക.

**പ്രവർത്തന കലണ്ടർ :**

***<u>ജൂൺ</u>***

പൂന്തോട്ടം നിർമ്മിക്കാനുള്ള സ്ഥലം കണ്ടെത്തി അതിനുള്ള തയ്യാറെടുപ്പുകൾ നടത്തുക. പരിസ്ഥിതി ദിനാചരണത്തിൽ ഓരോ കുട്ടികൾക്കും ഓരോ ചെടി എന്ന രീതിയിൽ പൂന്തോട്ടം നിർമ്മിക്കുന്നു.

***<u>ജൂലൈ</u>***

കുട്ടികൾ പരിസരം വൃത്തിയാക്കുന്നു. കൃഷി ഉപകരണങ്ങൾ സംഘടിപ്പിക്കുന്നു. കൃഷിഭവനിൽ നിന്ന് വിത്തുകൾ സംഘടിപ്പിക്കുന്നു.

***<u>ആഗസ്റ്റ്</u>***

കൃഷി ആഫീസറുടെ ക്ലാസ് സംഘടിപ്പിക്കുന്നു. കൃഷി ചെയ്യാനുള്ള സ്ഥലം കണ്ടെത്തി അതിനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നു. സ്കൂളിൽ ഉച്ചക്കഞ്ഞിക്ക് വേണ്ട പച്ചക്കറികൾ ഓരോ ക്ലാസിന്റെയും നേതൃത്വത്തിൽ കുട്ടികൾ സ്കൂളിൽ കൃഷി ചെയ്യുന്നു.

***<u>സെപ്റ്റംബർ</u>***

കൃഷിരീതി, സംരക്ഷണം ഇവയെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. കൃഷിപ്പതിപ്പുകൾ തയ്യാറാക്കുന്നു.

***<u>ഒക്ടോബർ</u>***

തണലിനായി കൂടുതൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നു. കൃഷിയുമായി ബന്ധപ്പെട്ട് പ്രോജക്ട് തയ്യാറാക്കുന്നു.

***<u>നവംബർ</u>***

പ്ലാസ്റ്റിക് സാധനങ്ങൾ പൂർണ്ണമായും ഒഴിവാക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നു. അസംബ്ലിയിൽ കൃഷിയെക്കുറിച്ച് റിപ്പോർട്ട് ചെയ്യുന്നു.

***<u>ജനുവരി</u>***

കൃഷിയുമായി ബന്ധപ്പെടുത്തി പത്രം തയ്യാറാക്കി അസംബ്ലിയിൽ അവതരിപ്പിക്കുന്നു. ഔഷധത്തോട്ടം നട്ടുപിടിപ്പിക്കുന്നു.

***<u>ഫെബ്രുവരി</u>***

ഏറ്റവും നന്നായി കൃഷി ചെയ്ത ക്ലാസിനെ അസംബ്ലിയിൽ അഭിനന്ദിക്കുന്നു. അവർ സമ്മാനങ്ങൾ വിതരണം ചെയ്യുന്നു.

***<u>മാർച്ച്</u>***

സ്കൂളിൽ പരിസരം വൃത്തിയാക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.

## B. <u>ഗണിത ക്ലബ്ബ്</u>

**ലക്ഷ്യങ്ങൾ :**

1. ഗണിത ക്ലബ്ബിലെ അംഗങ്ങളെക്കൊണ്ട് ഹൈസ്കൂൾ ക്ലാസിലെ ഗണിതപഠനത്തിനാവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുക.
2. ഗണിത ലാബ് രൂപീകരിക്കുക.

**പ്രവർത്തനങ്ങൾ :**

